# അദ്ധ്യായം 1
# പ്രചോദനം

### വന്ദനം (1:1, 2)

**[1]പൗലൊസും സില്വാനൊസും, തിമൊഥെയൊസും,**
**പിതാവായ ദൈവത്തിലും കർത്താവായ യേശുക്രിസ്തുവിലുമുള്ള തെസ്സലൊനിക്യ സഭയ്ക്ക് എഴുതുന്നത്:[2]പിതാവായ ദൈവത്തിൽ നിന്നും കർത്താവായ യേശുക്രിസ്തുവിങ്കൽ നിന്നും നിങ്ങൾക്ക് കൃപയും സമാധാനവും ഉണ്ടാകുമാറാകട്ടെ.**

**വാക്യങ്ങൾ 1, 2.** ഇവിടെ പൗലൊസ് **പിതാവിന്** (ἡμῶν, *പാറ്റർ*) മുൻപ് **നമ്മുടെ** (πατήρ, *ഹെമോൻ*) ചേർത്തിരിക്കുന്നതൊഴിച്ചാൽ, വന്ദനം ഏകദേശം 1 തെസ്സലൊനിക്യ ലേഖനത്തിലേതുപോലെയാണ് (1 തെസ്സ. 1:1 ന്റെ ചർച്ച നോക്കുക). ഏ.ടി. റോബർട്സൺ എഴുതി, "ഒരേ രൂപത്തിലല്ലെങ്കിലും, യേശുവിനെ ദൈവത്തോടു തുല്യമായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്." 2 തെസ്സലൊനിക്യർ 1:2 ലെ പ്രിപോസിഷനും ἀπό (*അപോ.* **ഫ്രം**), അതു സൂചിപ്പിക്കുന്നത്, "കൃപയുടേയും സമാധാനത്തിന്റേയും ഉറവിടം" പിതാവും പുത്രനും ആണെന്നാണ്.[1]

### തെസ്സലൊനിക്യരുടെ സ്ഥിരോൽസാഹത്തിന് സ്തോത്രം (1:3, 4)

**[3]സഹോദരന്മാരേ, നിങ്ങളുടെ വിശ്വാസം ഏറ്റവും വർദ്ധിച്ചും ആളാംപ്രതി നിങ്ങൾക്ക് എല്ലാവർക്കും അന്യോന്യം സ്നേഹം പെരുകിയും വരികയാൽ ഞങ്ങൾ യോഗ്യമാകുംവണ്ണം ദൈവത്തിന് എപ്പോഴും നിങ്ങളെ കുറിച്ച് സ്തോത്രം ചെയ്യാൻ കടമ്പെട്ടിരിക്കുന്നു.[4]അതുകൊണ്ട് നിങ്ങൾ സഹിക്കുന്ന സകല ഉപദ്രവങ്ങളിലും കഷ്ടങ്ങളിലുമുള്ള നിങ്ങളുടെ സഹിഷ്ണുതയും വാശ്വാസവും നിമിത്തം ഞങ്ങൾ ദൈവത്തിന്റെ സഭകളിൽ നിങ്ങളെ ചൊല്ലി പ്രശംസിക്കുന്നു.**

**വാക്യം 3.** രണ്ടു ലേഖനങ്ങളും തമ്മിലുള്ള സമാനത ഈ വാക്യം വരെ തുടരുന്നു. 1 തെസ്സലൊനിക്യർ 1:2, 3 ലും, പൗലൊസ് അവർക്കു വേണ്ടി ദൈവത്തിന് സ്തോത്രം ചെയ്തിരിക്കുന്നു, അത് ഇവിടെയും തുടരുന്നു. 1 തെസ്സലൊനിക്യർ 1:3 ൽ, പ്രത്യേകമായി, പൗലൊസ് അവരുടെ "വിശ്വാസ വേലയും," "സ്നേഹ പ്രയത്നവും," "പ്രത്യാശയുടെ സ്ഥിരതയും" എടുത്തു പറഞ്ഞിരിക്കുന്നു. ഇവിടെ അവൻ പറയുന്നത്, അവരുടെ **വിശ്വാസം വർദ്ധിച്ചും സ്നേഹം ... പെരുകിയും** വരുന്നു എന്നാണ് പറയുന്നത്, കൂടാതെ അവരുടെ സ്ഥിരതയെയും പ്രശംസിക്കുന്നു. അതുകൊണ്ട്, അവരുടെ പ്രത്യാശ സഹിഷ്ണുതയെ ദ്യോദിപ്പിച്ചുകൊണ്ടിരിക്കുന്നു. അവർ വളർന്നു പ

ക്വത പ്രാപിക്കുന്നതായി നമുക്ക് കാണാം. വാസ്തവത്തിൽ, അവന്റെ 1 തെസ്സലൊനിക്യർ 3:10–12 ലെ പ്രാർത്ഥനക്ക് ഉത്തരം നൽകിയിരിക്കുന്നു. 1 തെസ്സലൊനിക്യ ലേഖനത്തിൽ പൗലൊസ് ശാസിക്കുവാൻ നിർബ്ബന്ധിതരായവർക്കടക്കം **ഓരോരുത്തരിലും** അന്യോന്യമുള്ള സ്നേഹം വർദ്ധിച്ചുവരുന്നതായും പറയുന്നു. ശാസന തള്ളിക്കളയലല്ല. പലപ്പോഴും മാനസാന്തരപ്പെടുവാനുള്ള പ്രബോധനം നൽകിയിട്ടും മാനസാന്തരപ്പെടാത്തവരെയാണ് കൂട്ടായ്മയിൽനിന്നും അകറ്റി നിർത്തുന്നത് (തിത്തൊ. 3:10, 11).

ആ സഹോദരങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കുവാനുള്ള കടപ്പാട് ശ്രദ്ധിക്കുക.: **നിങ്ങൾക്ക് വേണ്ടി എപ്പോഴും സ്തോത്രം ചെയ്യുവാൻ ഞങ്ങൾ കടമ്പെട്ടിരിക്കുന്നു**. മഹത്തായ ഉത്തരവാദിത്തത്തെ കാണിക്കുന്നതാണ് ആ വാക്ക്. "ഞങ്ങൾ ചെയ്യണം" എന്നത് വന്നിരിക്കുന്നത് ὀφείλω (*ഒഫെയിലോ*), അത് "പണം, പോലയുള്ള, കടം," ലൂക്കൊ. 7:41; അർത്ഥമാക്കുന്നത്, "ചില കാര്യങ്ങൾ ചെയ്യുവാനുള്ള കടപ്പാട്."[2] പൗലൊസ് ദൈവത്തിനും തെസ്സലൊനിക്യരുടെ വളർച്ചക്കും സ്നേഹത്തിനും സ്തോത്രം ചെയ്യുവാൻ കടപ്പെട്ടിരിക്കുന്നു എന്നു വിവക്ഷ.

സ്തോത്രം ചെയ്യുന്നത് കടപ്പാടായി കാണുവാൻ പൗലൊസിനെ നിർബ്ബന്ധിച്ചത് സ്നേഹമായിരുന്നു (2 കൊ. 5:14). നമുക്കും അതേ സ്നേഹം ഉണ്ടാകുമ്പോൾ സ്തോത്രം ചെയ്യുന്നത് കടപ്പാട് ആയി നമുക്കും തോന്നും.

**വാക്യം 4**. അടുത്തുള്ള സഹോദരന്മാരുമായി പൗലൊസിന് ബന്ധമുണ്ടായിരുന്നതിനാൽ–ഒരുപക്ഷെ അവൻ കൊരിന്തിലും ചുറ്റുപാടുമുള്ള പ്രദേശങ്ങളിൽ അവർ കർത്താവിന്റെ വേല ചെയ്തുവരികയായിരുന്നേക്കാം–തെസ്സലൊനിക്യരെ കുറിച്ചുള്ള പ്രശംസ അവൻ അവരോട് അറിയിച്ചിരിക്കും.: **ഞങ്ങൾ ... ദൈവത്തിന്റെ സഭകളിൽ നിങ്ങളെ ചൊല്ലി പ്രശംസിക്കുന്നു**. പ്രശംസിക്കുന്നത് യോഗ്യമാണെന്ന പോയിന്റ് ആയിരിക്കാം അവൻ ഇവിടെ പറയുന്നത്. "അഭിമാനത്തോടെ സംസാരിക്കുക," അല്ലെങ്കിൽ പ്രശംസിക്കുക എന്നത് തർജിമ ചെയ്തിരിക്കുന്നത് ἐγκαυχάομαι (*എഗ്കൗചാവോമായി*), അത് പുതിയ നിയമത്തിൽ ഇവിടെ മാത്രമാണ് ഉപയോഗിച്ചിരിക്കുന്നത്. ആ പ്രയോഗങ്ങളിൽ രണ്ട് *എൻ* (ൽ) ഉപയോഗിച്ചിരിക്കുന്നു, ആദ്യത്തേതിൽ, പ്രശംസിക്കുന്ന വസ്തുവിനെ സൂചിപ്പിക്കുന്നു, രണ്ടാമത് പറയുന്നത് "പ്രശംസാ സ്ഥലത്തെ പറയുന്നു."[3] തെസ്സലൊനിക്യാ സഭ പ്രശംസാ *വസ്തുവും,* മറ്റു സഭകൾ/ഇടവകകൾ പ്രശംസാ *സ്ഥലങ്ങളു*മാണെന്ന് റോബർട് എൽ. തോമസ് വ്യക്തമാക്കിയിരിക്കുന്നു.

തെസ്സലൊനിക്യരെ പ്രശംസിക്കത്തക്ക അവരുടെ സ്വഭാവ വിശേഷത അവരുടെ സ്ഥിരതയായിരുന്നു–**സ്ഥിരതയും**–അവരുടെ **വിശ്വാസവും**–ദൈവത്തിലുള്ള ആശ്രയവും–**ഉപദ്രവങ്ങളുടേയും എതിർപ്പുകളുടേയും** മദ്ധ്യേ അവർ നിലനിൽത്തി (1:6 നോക്കുക). അവർ തങ്ങളുടെ "സ്വജാതിക്കാരാലാണ്" കഷ്ടതയേൽക്കേണ്ടി വന്നത് എന്ന് ഒന്ന് തെസ്സലൊനിക്യർ 2:14 രേഖപ്പെടുത്തുന്നു. എന്നാൽ അവരുടെ മേൽ ആദ്യം ഉപദ്രവം അഴിച്ചുവിട്ടത് യെഹൂന്മാരായിരുന്നു എന്നു നമുക്ക് അറിയാം (പ്രവൃ. 17:1–9). ഇവിടെ ഉപയോഗിച്ച ക്രിയ വ്യക്തമാക്കുന്നത്, **സഹിഷ്ണുത**യാണ്, പൗലൊസ് ഈ ലേഖനം എഴുതിക്കൊണ്ടിരുന്നപ്പോഴും അവർ ഉപദ്രവിക്കപ്പെട്ടുകൊണ്ടാണിരുന്നത്. ഉപദ്രവങ്ങൾ നേരിട്ടിട്ടും അവർ തങ്ങളുടെ വിശ്വാസജീവിതം ധീരതയോടെ നയിച്ചിരുന്നു.

പരിഹരിക്കേണ്ട പ്രശ്നങ്ങളിലേക്ക് കടക്കുന്നതിന് മുൻപ്, തന്റെ പരിവർത്തകരുടെ ക്രിയാത്മകവശങ്ങളെ പ്രശംസിക്കുവാനുള്ള അവസരം ഒന്നും പൗലൊസ് പാഴാക്കിയിരുന്നില്ല. അതിനാൽ തിരുത്തൽ വരുത്തുവാൻ അവർക്ക് പ്രയാസം നേരിട്ടില്ല (2:1–3; 3:6–15).

വിവിധ ഇടവകകളെ പൗലൊസ് വിളിച്ചത് "ദൈവസഭകൾ" എന്നാണ് (അല്ലെങ്കിൽ "ദൈവത്തിന്റെ സഭകൾ"; എൻഐവി). അവൻ സൂചിപ്പിച്ച ഇടവകകൾ, കൊരിന്ത്, അഥേന, ബെരോവ തുടങ്ങിയവയാണ്, എന്നാൽ ആ പദവി സർവ്വനാമമല്ല. സഭകൾ എന്നു തർജിമ ചെയ്തിരിക്കുന്ന മിക്ക തർജിമകളിലും വലിയ അക്ഷരം ഉപയോഗിച്ചിട്ടില്ല എന്നത് ശ്രദ്ധിക്കുക. മറിച്ച് ആ പ്രയോഗം അവകാശത്തെയാണ് സൂചിപ്പിക്കുന്നത്, അവ ദൈവത്തിനുള്ളതാണ് എന്നു കാണിക്കുന്നു. റോമർ 16:16 ലെ "ക്രിസ്തുവിന്റെ സഭകൾ" എന്ന പ്രയോഗവും ഇതേ അർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. ദൈവ ജനമായ ഇടവകകളെ വചനത്തിൽ പറയുന്ന രീതിയാണ് രണ്ടും.

## ദൈവത്തിന്റെ നീതിയുള്ള ന്യായവിധിയും ക്രിസ്തുവിന്റെ രണ്ടാം വരവും (1:5-10)

**[5]അത് നിങ്ങൾ കഷ്ടപ്പെടുവാൻ ഹേതുവായിരിക്കുന്ന ദൈവരാജ്യത്തിന്ന് നിങ്ങളെ യോഗ്യന്മാരായി എണ്ണും. എന്നിങ്ങനെ ദൈവത്തിന്റെ നീതിയുള്ള വിധിക്ക് അടയാളം ആകുന്നു. [6]കർത്താവായ യേശു തന്റെ ശക്തിയുള്ള ദൂതന്മാരുമായി സ്വർഗത്തിൽ നിന്നു അഗ്നിജ്വാലയിൽ പ്രത്യക്ഷനായി [7]ദൈവത്തെ അറിയാത്തവർക്കും നമ്മുടെ കർത്താവായ യേശുവിന്റെ സുവിശേഷം അനുസരിക്കാത്തവർക്കും പ്രതികാരം കൊടുക്കുമ്പോൾ [8]നിങ്ങളെ പീഡിപ്പിക്കുന്നവർക്ക് പീഢയും പീഡ അനുഭവിക്കുന്ന നിങ്ങൾക്ക് ഞങ്ങളോടുകൂടെ ആശ്വാസവും പകരം നൽകുന്നത് ദൈവ സന്നിധിയിൽ നീതിയല്ലൊ. [9]ആ നാളിൽ അവൻ തന്റെ വിശുദ്ധന്മാരിൽ മഹത്വപ്പെടേണ്ടതിനും ഞങ്ങളുടെ സാക്ഷ്യം നിങ്ങൾ വിശ്വസിച്ചതുപോലെ നിശ്വസിച്ച എല്ലാവരിലും താൻ അതിശയവിഷയം ആകേണ്ടതിന്നു വരുമ്പോൾ [10]സുവിശേഷം അനുസരിക്കാത്തവർ കർത്താവിന്റെ സന്നിധാനവും അവന്റെ വല്ലഭത്വത്തോടു-കൂടിയ മഹത്വവും വിട്ടകന്നു നിത്യനാശം എന്ന ശിക്ഷാവിധി അനുഭവിക്കും.**

**വാക്യം 5. ദൈവത്തിന്റെ നീതിയുള്ള വിധിക്കും** തെസ്സലൊനിക്യർ **ദൈവരാജ്യത്തിന്ന് യോഗ്യരായി** എണ്ണപ്പെടുന്നതിന്റേയും **സൂചനയാണ്** [അല്ലെങ്കിൽ തെളിവാണ്] തെസ്സലൊനിക്യർ നേരിട്ട"ഉപദ്രവങ്ങളും എതിർപ്പുകളും" എന്നു പൗലൊസ് പറഞ്ഞു. "വ്യക്തമായ സൂചന" എന്നതിന്റെ ഗ്രീക്ക് വാക്ക് ἔνδειγμα (*എൻഡെയിഗ്മാ*). പുതിയ നിയമത്തിൽ ഇവിടെ മാത്രമാണ് ἔνδειγμα (*എൻഡെയിഗ്മാ*). ഇതുമായി ബന്ധപ്പെട്ട വാക്കാണ് ἔνδειξις (*എൻഡെയിക്സിസ്*, "കാണിക്കുന്നു.") അത് റോമർ 3:25, 26; 2 കൊരിന്ത്യർ 8:24; ഫിലിപ്പിയർ 1:28.[4]

വർത്തമാനകാല ഉപദ്രവങ്ങളും എതിർപ്പുകളും ക്രമേണ ഒരാളുടെ നിത്യമായ രക്ഷക്ക് ഇടയാക്കുമെന്നത് ഒരു അ-നാത്മികന് അസാധാരണമായി തോന്നിയേക്കാം. ചോദ്യമുയർന്നേക്കാം, "ഉപദ്രവങ്ങളും എതിർപ്പുകളും രക്ഷക്ക് ന്യായവിധി നാളിൽ നിദാനമാകുമെന്നാണോ നിങ്ങൾ അർത്ഥമാക്കു

ന്നത്?” ഉത്തരം അതെ എന്നാണ്. അടിസ്ഥാനപരമായി അതാണ് പൗലൊസ് പറയുന്നത്.

ക്രിസ്തുവിന്റെ “നാമം” നിമിത്തമുള്ള “ഉപദ്രവങ്ങളും പരിഹാസവും” പ്രത്യേക ദൈവാനുഗ്രഹത്തിന്റെ അടയാളമാണ് (മത്താ. 5:11, 12). അത് സത്യമാകുമ്പോൾ, ക്രിസ്ത്യാനിക്ക് സ്വർഗത്തിൽ പ്രതിഫലമുണ്ടെന്നു തെളിയിക്കുന്നു (മത്താ. 5:12). തെസ്സലൊനിക്യർ *സഹിച്ചതുപോലെ* പരിക്ഷണങ്ങളെയും ഉപദ്രവങ്ങളെയും നാം *സഹിച്ചാൽ* മാത്രമാണ് അത് വാസ്തവമാകുന്നത്.

ചിലപ്പാൾ ഭൗതികവും, മറ്റു ചിലപ്പോൾ ആത്മികവുമായ ഉപദ്രവങ്ങളായിരിക്കും ക്രിസ്ത്യാനികൾ അഭിമുഖീകരിക്കുക എന്ന് ഉറപ്പിക്കുന്ന വേദഭാഗങ്ങളാണ് ഒന്ന് തെസ്സലൊനിക്യർ 3:3 ഉം 2 തിമൊ. 3:12 ഉം. ഇത്തരം കഷ്ടതകൾ നമ്മെ കഷ്ടതയേറ്റ ക്രിസ്തുവിനോട് അടുപ്പിക്കും (കൊലൊ. 1:24). ഈ കഷ്ടത യേശു ക്രൂശിൽ പ്രായശ്ചിത്തത്തിനായി അനുഭവിച്ച കഷ്ടതക്ക് പകരമാകയില്ല, അവൻ ഇന്നും നമ്മുടെ കഷ്ടത നമ്മോടൊപ്പം വഹിച്ചുകൊണ്ടാണിരിക്കുന്നത്. അവന്റെ ശരീരത്തിലെ അംഗങ്ങൾ കഷ്ടതയേൽക്കുമ്പോൾ, ഒരർത്ഥത്തിൽ, ആ ഉപദ്രവങ്ങൾ ക്രിസ്തുവിന്റെ നേർക്കാണ് എന്നോർക്കുക. നാം അവ സഹിക്കുമ്പോൾ, “ക്രിസ്തുവിന്റെ ഉപദ്രവം” അവസാന നാളിലെ ന്യായവിധിയിൽ നമുക്ക് രക്ഷ ലഭിക്കുമാറാക്കും.

ദൈവരാജ്യത്തിൽ കഷ്ടത സഹിച്ച തെസ്സലൊനിക്യയിലെ ക്രിസ്ത്യാനികൾ അവസാന നാളിൽ എല്ലാ വിശുദ്ധന്മാരും ഒത്തു ചേരുന്ന നാളിൽ അവരോട് ചേരുവാൻ സഹായകരമാകും എന്ന് ഈ വേദഭാഗം പറയുന്നു. കഷ്ടത സഹിഷ്ണുതയും സഹിഷ്ണുത സിദ്ധതയെയും ഉളവാക്കുന്നു എന്ന് പൗലൊസ് മറ്റൊരു ഭാഗത്ത് പറയുന്നു (റോമ 5:3, 4). അത നമ്മെ ശുദ്ധീകരിച്ച് ഒരുക്കുന്നു എന്നാണ് പത്രൊസ് പറയുന്നത് (1 പത്രൊ. 1:6, 7).

തെസ്സലൊനിക്യർ ചെയ്തുപോന്നതുപോലെ വിശ്വസ്തമായി തുടർന്നും ജീവിച്ചാൽ, സ്വർഗീയ കൂട്ടായ്മക്ക് അവരെ പ്രാപ്തരാക്കും എന്നായിരുന്നു പൗലൊസ് പറഞ്ഞത്. ബുദ്ധിമുട്ടിൽ ദൈവം നമ്മെ നിലനിർത്തുവാൻ സഹായിക്കുമെന്ന വസ്തുത അവന്റെ ന്യായവിധി നീതിയുള്ളതാണെന്ന് തെളിയിക്കുന്നു, ഈ പോരാട്ടത്തിൽ അവൻ നമ്മുടെ ഭാഗത്താണെന്നും, അവൻ വരുമ്പോൾ കണക്ക് തീർക്കുമെന്നും വ്യക്തമാക്കുന്നു. അനീതി എപ്പോഴും വാഴുകയില്ല (വാ. 6, 7; സഭാ. 3:16, 17). ദൈവരാജ്യം എന്ന സഭ ഭൂമിയിൽ പ്രദർശിക്കപ്പെട്ടുകഴിഞ്ഞു (മത്താ. 3:2). എന്നാൽ അതിനെ പൂർണ്ണമായി തിരിച്ചറിയാൻ കഴിയുന്നത് അവൻ ശത്രുക്കളെ മുഴുവൻ കീഴ്പ്പെടുത്തി കഴിയുമ്പോഴാണ് (1 കൊ. 15:26) പിന്നീട്, സ്വർഗരാജ്യം ദൈവികത്വ ഭരണത്തിൽ തന്നെയായിരിക്കും. ക്രിസ്തുവിന്റെ മടങ്ങി വരവിനും ന്യായവിധിക്കും ശേഷമേ സ്വർഗ രാജ്യം നമുക്ക് പൂർണ്ണമായി ഗ്രഹിക്കുവാൻ കഴിയു (വാ. 6, 7).

1940 കളിൽ “യുദ്ധത്തെ പിന്തുണച്ച” സാഹചര്യത്തിൽ, ഒരു യുവാവ് “തന്റെ രാജ്യ സ്നേഹം” പ്രകടമാക്കി യുദ്ധത്തിൽ പങ്കെടുത്ത് സന്തോഷിക്കുവാൻ ആഗ്രഹിച്ച യുവാവിന് സൈന്യത്തിൽ ചേരുവാനുള്ള അനുമതി നിഷേധിച്ചതിലുള്ള വേദന ചിന്തിച്ചാൽ ഒരുപക്ഷെ ഉപദ്രവങ്ങളിൽ സന്തോഷിക്കുന്നതെങ്ങനെ എന്നു മനസിലാക്കുവാന് ഒരുപക്ഷെ കഴിഞ്ഞേക്കാം. ക്രിസ്ത്യാനികൾ പോരാട്ടത്തിലാണ് എന്നു പറഞ്ഞാൽ, നാം പ്രയാസത്തെ അഭിമുഖീകരിക്കുമ്പോൾ, ക്രിസ്തു ഒരു സൈന്യാധിപനായി നമ്മോടുകൂടെ നിന്ന് പോരാടുവാൻ ശക്തി നൽകും അവന്റെ സൈന്യത്തിൽ സേവനം

നടത്തുന്നത് സന്തോഷമുള്ള കാര്യമാണ്, അവന്റെ ആ വലിയ നാമത്തിന
ായി കഷ്ടതയേൽക്കുക എന്നതു ഭാഗ്യമാണ്.

**വാക്യം 6**. ദൈവം **നീതിമാന**ായതുകൊണ്ട്, നീതി നടപ്പാക്കുന്നത് ശരിയാണ്. നീതിയാകുമ്പോൾ, മറ്റുള്ളവർ ചെയ്തതിന് അവർക്കു യോഗ്യമായത് നൽകണം. നീതിമാൻ ക്രിയാത്മകമായും നിഷേധമായും തന്റെ വാക്ക് പാലിക്കും. നീതിമാനായ ഒരു മനുഷ്യനെ പോലെ തന്നെ ദൈവവും തന്റെ വാക്ക് പ്രമാണിക്കും. അതുകൊണ്ട്, അവൻ വാഗ്ദാനം ചെയ്തതുപോലെ (റോമ. 12:19), അനുസരിക്കാതിരിക്കുന്നവരെ ശിക്ഷിക്കും. മാനസാന്തരപ്പെടാതിരിക്കുന്നവരെ ദൈവം ശിക്ഷിക്കുകയില്ല എന്ന് കരുതുന്നത് ഭയങ്കരമായ തെറ്റാണ് (റോമ. 11:22 മായി താരതമ്യം ചെയ്യുക).

ന്യായവിധി നാളിൽ പുസ്തകങ്ങളെല്ലാം ബാലൻസ് ആകും, അന്ന് അവൻ തെസ്സലൊനിക്യരെയും മറ്റു ക്രിസ്ത്യാനികളെയും **പീഡിപ്പിച്ച** [വർക്ക] **പീഢ പകരം നൽകും**. തെസ്സലൊനിക്യരെ പീഡിപ്പിച്ചവർക്ക് പിതാവ് കഠിനമായ പീഢയായിരിക്കും നൽകുന്നത്. "നിത്യനാശത്താലായിരിക്കും" അവരെ ശിക്ഷിക്കുന്നത് (വാ. 9). ഗ്രീക്ക് വാക്ക് ἀνταποδίδωμι (*ആന്റാപൊഡിഡോമി*) അർത്ഥം "മടക്കി കൊടുക്കുക" അല്ലെങ്കിൽ അക്ഷരികമായി "തിരിച്ച് നൽകുക." ഡേവിഡ് ജെ. വില്യം പറഞ്ഞു, "ഇത് ഒരു സാഹിത്യരൂപമാണ് ... ശിക്ഷയും ആശ്വാസം പകരുന്ന ദൈവനീതിയെ ചോദ്യംചെയ്യാവുന്നതല്ല, കുഴപ്പക്കാരോട് ദയവ് കാണിക്കുന്നത് നീതിയല്ലല്ലൊ."[5]

ദൈവം നീതിമാനാകയാൽ അനീതിയിൽ ജീവിക്കുന്നവരെ ശിക്ഷിക്കുക എന്നത് നീതിയാണ്. ആ നിയമത്തിന് ഒരു ഒഴികഴിവ് മാത്രമാണുള്ളത്: ക്രിസ്ത്യാനികൾ മുൻപ് ചെയ്ത അന്യായത്തിനുള്ള ശിക്ഷ യേശു ഏറ്റുവാങ്ങിയിരുന്നു (1 പത്രൊ. 2:23, 24).

**വാക്യം 7**. ദൈവം അനുസരണം കെട്ടവർക്ക് ശിക്ഷ "പകരം കൊടുക്കുമ്പോൾ," അതിനെതിരായി (പീഡിപ്പിക്കപ്പെട്ട) തെസ്സലൊനിക്യയിലെ [ക്രിസ്ത്യാനികൾക്ക്] **ആശ്വാസം ലഭിക്കും**. ദൈവത്തെ അനുസരിക്കുന്നവർക്ക് ആശ്വാസവും, അനുസരിക്കാത്തവർക്ക് ശിക്ഷയുമാണ് നൽകുന്നത്. "ആശ്വാസം" എന്നതിന്റെ ഗ്രീക്ക് വാക്ക് ἄνεσις (*അനെസിസ്*), അർത്ഥം വിശ്രമം, സമ്മർദ്ദത്തിൽ നിന്നും, എതിർപ്പിൽ നിന്നും, വ്യാകുലതയിൽ നിന്നുള്ള മോചനവും നൽകും (2 കൊ. 2:13 മായി താരതമ്യം ചെയ്യുക). **നമുക്കും** "ആശ്വാസം" നൽകും എന്നാണ് പൗലൊസ് പറഞ്ഞത്. അത് പൗലൊസിനും അവന്റെ സഹ പ്രവർത്തകർക്കും ലഭിക്കും. ഉപദ്രവിച്ചവർക്ക് ഉപദ്രവമായിരിക്കും ലഭിക്കുന്നത്. **കർത്താവായ യേശു മടങ്ങി വരുമ്പോഴാണ് ഇവയെല്ലാം** ലഭിക്കുന്നത്. അവൻ ഇപ്പോൾ മറഞ്ഞിരിക്കുന്നു വെങ്കിലും, ലോകാവസാനത്തിൽ അവൻ വീണ്ടും പ്രത്യക്ഷനാകും. ആ വെളിപ്പെടൽ എന്നു പറയുന്നത് അവന്റെ രണ്ടാം വരവാണ്. അവനെ ഇപ്പോൾ കാണുവാൻ കഴിയുന്നില്ലെങ്കിൽ, അവൻ വീണ്ടും വരുമ്പോൾ അവനെ കുത്തിത്തുളെച്ചവരും അവനെ കാണും (വെളി. 1:7). ഈ വിഷയം 1 തെസ്സലൊനിക്യ ലേഖനത്തിൽ മിക്കവാറും എല്ലാ അദ്ധ്യായത്തിലും ഇപ്പോൾ ഈ ലേഖനം ഒന്നാം അദ്ധ്യായത്തിലും കാണാം.

ആ വരവിനെ കുറിച്ച് പൗലൊസ് മൂന്നു പ്രാവശ്യം പറഞ്ഞിരിക്കുന്നു. ഒന്ന്, യേശു **ആകാശ മേഘത്തിൽ** സ്വരഗാരോഹണം ചെയ്തതുപോലെ കാണത്തക്കവണ്ണമാണ് വരുന്നത് എന്ന് അരുളിച്ചെയ്തിരിക്കുന്നു (പ്രവൃ. 1:11; 1 തെസ്സ. 1:10). രണ്ട്, **അഗ്നിജ്വാല**യിലായിരിക്കും യേശു പ്രത്യക്ഷനാകുന്നത്

എന്നു പറഞ്ഞിരിക്കുന്നു (പുറ. 3:2; യെശ. 66:15, 16; 2 പത്രൊ. 3:10). "അഗ്നി ജ്വാല" (πυρὶ φλογός *പുരി ഫ്ലോഗോസ്*) അനുസരിക്കാത്തവരിൽ ദൈവ നീതി നടപ്പാക്കുന്ന സർവ്വശക്തനെയും അവന്റെ പ്രതികാരത്തെയും അതിൽ നമുക്ക് കാണാം, അത് വെറുമൊരു ശുദ്ധീകരണ അടയാളം മാത്രമല്ല. "ആ പ്രയോഗം വെറും വിശുദ്ധീകരണത്തെ കുറിച്ച് മാത്രമാണ് പറയുന്നതെങ്കിൽ, അത് വാക്യം 7 മായുള്ളതിനേക്കാൾ വാക്യം 8 നാണ് ബന്ധമുള്ളത്."[6] മൂന്ന്, തന്റെ **ശക്തിയുള്ള ദൂതന്മാരുമായിട്ടാണ്** അവൻ വരുന്നത്. "വിശുദ്ധന്മാർ" എന്ന വാക്ക് 1 തെസ്സലൊനിക്യർ 3:13 ലും യൂദാ 14 ലും ഉപയോഗിച്ചിരിക്കുന്നു ഈ വാക്യത്തിൽ, അവർ "ശക്തിയുള്ളവർ" ആണെന്ന് ഊന്നി പറയുന്നു. തീർച്ചയായും, അവരുടെ ശക്തിയുടെ ഉറവിടം ദൈവമാണ്, ദൈവികശക്തി യാണ് ഈ ദൂതന്മാർക്ക് ലഭിക്കുന്നത്.

യേശു തന്റെ ശക്തിയുള്ള വിശുദ്ധന്മാരുമായിട്ട് സ്വർഗത്തിൽനിന്നു അഗ്നി ജ്വാലയിൽ പ്രത്യക്ഷനാകുന്ന കാഴ്ച്ചയാണ് നമ്മെ കാണിക്കുന്നത്. ആ സംഭവം ഓർമ്മിക്കത്തക്കതും അതിശയകരുവുമായിരിക്കും. അതിനാൽ തെസ്സലൊനി ക്യർ തങ്ങളുടെ പ്രിയപ്പെട്ടവർ സംഭവം നടക്കുന്നത് കാണാതിരിക്കരുത് എന്ന് ആഗ്രഹിച്ചതിൽ അതിശയമില്ല!

ഈ വേദഭാഗത്തെ ഒരാൾ 1 തെസ്സലൊനിക്യർ 4:16 മായി താരതമ്യം ചെയ്താൽ, അവിടെ പൗലൊസ്, കർത്താവിന്റെ കൽപനയോ, "പ്രധാന ദൂതന്റെ ശബ്ദത്തെയോ," "ദൈവത്തിന്റെ കാഹളത്തെയോ" കുറിച്ച് പറയു ന്നില്ല എന്ന് ശ്രദ്ധിക്കുക; എന്നാൽ, ഇവയെല്ലാം അപ്പോൾ കേൾക്കുമെന്ന് അവൻ മുൻപ് പറഞ്ഞുകഴിഞ്ഞു.

**വാക്യം 8**. അവന്റെ രണ്ടാം വരവിൽ, യേശു **പകരം കൊടുക്കും**. അവൻ "പകരം വീട്ടുകയും," (കെജെവി). "നീതി നടപ്പാക്കുകയും" ചെയ്യും (എൻഈബി). "പകരം കൊടുക്കുക" എന്നതിന്റെ ഗ്രീക്ക് വാക്ക് ἐκδίκησις (*എക്ഡികെസിസ്*), അർത്ഥം "നീതി നടപ്പാക്കൽ വ്യവസ്ഥ"; "മനുഷ്യരുടെ പ്രതികാരം പോലെയല്ല, അത് വ്രണ ... പ്പെടുത്തലാണ്. അത്തരം പകരം വീട്ടൽ അല്ല ദൈവത്തിന്റേത്."[7] *എക്ഡികെസിസ്* എന്ന വാക്കിന്റെ അതേ മൂല വാക്കിൽനിന്ന് നമുക്ക് കിട്ടിയ വാക്കാണ് ഇംഗ്ലീഷിൽ "ജസ്റ്റ്." നീതിയെ കുറിച്ച് ഈ സന്ദർഭത്തിൽ ചർച്ച ചെയ്തതാണ് (വാ. 6). ഇവിടെ പകരം കൊടു ക്കൽ പ്രതികാരം പോക്കലല്ല. അതേ വാക്ക് ലൂക്കൊ. 18:3, 7 ലും കാണാം.

അവൻ വരുമ്പോൾ ഏതു തരം ആളുകളെയാണ് ശിക്ഷിക്കുന്നത്? **ദൈവത്തെ അറിയാത്തവരെയും നമ്മുടെ കർത്താവായ യേശുവിന്റെ സുവി ശേഷം അനുസരിക്കാത്തവരെയും**. "ദൈവത്തെ അറിയാത്തവർ" τοῖς μὴ εἰδόσιν θεὸν (ടോയിസ് മി *എയിഡോസിൻതെയോൺ*), വിവരിക്കുന്നത്, ദൈവകോപത്തിനിരയായവരെയാണ്. ആ പ്രയോഗത്തെ റോബർട്സൺ വിളിച്ചത്, "ഡേറ്റിവ് പ്ലൂരൽ ഓഫ് പെർഫെക്റ്റ് ആക്ടിവ് പാർട്ടിസിപ്പിൾ *എയി ഡോസ്*," എന്നാണ്. അദ്ദേഹം പറഞ്ഞത്, ചുരുക്കത്തിൽ പൗലൊസിന്റെ മനസിൽ ജാതികളും (1 തെസ്സ. 4:1–5), മറ്റേ പ്രയോഗം "സുവിശേഷം അനു സരിക്കാത്തവർ" എന്നു പറയുന്നത് അവിശ്വാസികളായ യെഹൂദന്മാരെയും ആണ് പറയുന്നത് എന്നായിരുന്നു.[8]

ജാതികളെന്നും യെഹൂദന്മാരെന്നും റോബർട്സൺ തരം തിരിച്ചത് ശരിയാണോ? ശരിയായിരിക്കാം, എന്നാൽ നമുക്ക് അതിന് തീർച്ചയില്ല. യെഹൂദന്മാരായ പലരെയും [ദൈവത്തെ] അറിയാത്തവർ എന്നു പറഞ്ഞി

ട്ടുണ്ട് (യോഹ. 8:55). "അവനെ അറിയുക" എന്നാൽ വാസ്തവത്തിൽ രക്ഷിക്കപ്പെടുക എന്നാണ് അർത്ഥം (യോഹ.17:3). നേരെ മറിച്ച്, ജാതികളെയും ചിലപ്പോൾ "അനുസരിക്കാത്തവർ" എന്നു പറഞ്ഞിരിക്കുന്നു (റോമ. 11:30). അതുകൊണ്ട് പൗലൊസിന്റെ മനസിൽ ആ രണ്ട് കൂട്ടം ആളുകളായിരുന്നോ എന്നതിന് നമുക്ക് ഉറപ്പില്ല. ദൈവത്തെ പൂർണ്ണമായി അനുസരിക്കാത്ത *എല്ലാവരേയും* ഉദ്ദേശിച്ചായിരിക്കാം പൗലൊസ് ആ സമാന്തര എബ്രായ പദപ്രയോഗം നടത്തിയത്. ആ പ്രയോഗത്തെ "ദൈവത്തെ അറിയാത്തവർക്കും, സുവിശേഷം അനുസരിക്കാത്തവർക്കും" എന്നു തർജിമ ചെയ്യുന്നതാണ് ശരി. നാം കൈകാര്യം ചെയ്യുന്നത് ആ കൂട്ടങ്ങളാണെങ്കിലും അല്ലെങ്കിലും, ഇവിടെ കാണിച്ചിരിക്കുന്നത്, ദൈവത്തെ അനുസരിക്കാത്തവരെ എല്ലാം ശിക്ഷിക്കും എന്നതാണ്.

**വാക്യം 9. ശിക്ഷാവിധി അനുഭവിക്കും** വാക്യം 8 ൽ വിവരിച്ച ഒരേ ഗ്രീക്ക് വാക്കിൽ നിന്നു വന്നതും, നീതി മുഴുവൻ നടപ്പാക്കുന്ന സൂചനയുമാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ പാപത്തെ ശിക്ഷിക്കാതിരിക്കുകയില്ല (എബ്രാ. 2:1–4). ഏതു തരം ശിക്ഷയായിരിക്കും അത്? **നശിപ്പിക്കുന്ന**തായിരിക്കും എന്നാണ് പൗലൊസ് പറഞ്ഞത് (ὄλεθρος *ഒലേത്രോസ്*). ഈ സമയത്ത്, അനുസരിക്കാത്ത എല്ലാവരേയും ഒട്ടും അവശേഷിക്കാത്ത വിധത്തിൽ ഉന്മൂല നാശം വരുത്തുമെന്നാണ് യഹോവസാക്ഷികൾ തുടങ്ങിയ ആളുകൾ പറയുന്നത്. എങ്ങനെയായാലും, ആ അർത്ഥം വചനത്തിലില്ല. *ഒലെത്രോസ്* എന്ന. വാക്ക് അർത്ഥമാക്കുന്നത്, ഉന്മൂല നാശമല്ല, (അവർ മരണശേഷവും നിലനില്ക്കുമെങ്കിലും ...) ക്രിസ്തുവിൽ നിന്നും എന്നേക്കും വേർപെട്ടു പോകും"[9] എന്ന അർത്ഥത്തിലാണ് പൗലൊസ് വ്യക്തമാക്കുന്നത്. ജെ.ഈ. ഫ്രെയിം പറഞ്ഞത്. പൗലൊസ് 1 കൊരിന്ത്യർ 5:5 ൽ *ഒലേത്രോസ്* ഉപയോഗിച്ചിരിക്കുന്നതുമായി താരതമ്യം ചെയ്യുക, അവിടെ, ദുഷ്ക്കാമം ചെയ്തവനെ കർത്താവായ യേശുവിന്റെ നാളിൽ രക്ഷിക്കപ്പെടേണതിന്ന് ജഡ "സംഹാരത്തിനായി" സാത്താനെ ഏൽപിക്കുന്നതായിട്ടാണ് പറയുന്നത് ആ മനുഷ്യനെ "ഉന്മൂലനാശത്തിനാണ്" ഏൽപിക്കുവാൻ പൗലൊസ് പറഞ്ഞതെങ്കിൽ, അവൻ എങ്ങനെ ആണ് കർത്താവിന്റെ നാളിൽ രക്ഷിക്കപ്പെടുന്നത്. "സംഹാരം" എന്നതുകൊണ് പൗലൊസ് ഉദ്ദേശിച്ചത് മാനസാന്തരത്തിനായി ശരീരത്തെ അകറ്റി നിർത്തുക എന്നാണ്, അല്ലാതെ പൂർണ്ണമായി ഇല്ലാതാക്കലല്ല.

നാമും, "നാശം" "നശിപ്പിച്ചു" എന്നീ വാക്കുകൾ ഉന്മൂല നാശത്തിനല്ലാതെ മറ്റു പല വിധത്തിലുള്ള അർത്ഥത്തിൽ ഉപയോഗിക്കുന്നുണ്ട്. അപകടത്തിൽ പെട്ട് കാർ പൂർണ്ണമായും നശിച്ചുപോയി എന്നു നാം പറയുമ്പോൾ ആ കാർ ഒന്നും അവശേഷിക്കാത്ത വിധത്തിൽ ഇല്ലാതായി എന്ന് ആരും കരുതുകയില്ലല്ലൊ. മറിച്ച്, അത് എന്ത് ഉദ്ദേശത്തിനു വേണ്ടി ഉണ്ടാക്കിയോ ആ ഉദ്ദേശം നടക്കാത്ത വിധത്തിൽ നശിച്ചു എന്നാണ് അർത്ഥമാക്കുന്നത്. ഈ വേദഭാഗത്തിലെ "നാശം" എന്ന വാക്കിന്റെ ശരിക്കുള്ള അർത്ഥം അതാണ്. പാപം നിമിത്തം നാശയോഗ്യനായ മനുഷ്യന്റെ പിന്നീടുള്ള അവസ്ഥ ദൈവത്തിൽനിന്ന് നിത്യമായി വേർപിരിയുക എന്നതാണ് (1 തെസ്സ. 5:3 ന്റെ ചർച്ച നോക്കുക).

ആ നാശത്തെ **നിത്യമായിട്ടാണ്** വിവരിച്ചിരിക്കുന്നത് (αἰώνιος *അയോണിയോസ്*). ന്യായവിധിക്ക് ശേഷമുള്ള കാലം "എല്ലായ്പോഴും" തുടരുന്നതുകൊണ്ട് (1 തെസ്സ. 4:17), ആ "നാശം" ഒരിക്കലും-അവസാനിക്കാത്തതാണ് എന്നു നമുക്ക് അറിയാം. ഇപ്പോൾ, ആ നാശം എന്നു പറയുന്നത് ഉന്മൂല ന

ാശം അഥവാ നിലനിൽപ്-ഇല്ലാതാകുന്നതാണെങ്കിൽ, "നിത്യം" എന്ന വിശേഷണം ആ വാക്കിനോട് ചേർത്ത് ഉപയോഗിക്കുകയില്ല എന്ന് മാർവിൻ.ആർ. വിൻസെന്റ് പറഞ്ഞത് ശരിയാണ്, കാരണം നിലനിൽപ്-ഇല്ലാതാകുക-യാണല്ലോ.[10]

അത്, പകരം, ദൈവത്തെ അനുസരിക്കാതിരിക്കുന്നവർ നശിക്കപ്പെട്ട അവസ്ഥയിൽ തുടരുന്നു എന്നതാണ് ആശയം മത്തായി 25:46 മുതലുള്ള വേദഭാഗങ്ങളിൽ പറഞ്ഞിരിക്കുന്ന "നിത്യജീവൻ" എന്നതിന് നേരെ എതിരാണ് ഇത്. അനുഗ്രഹം എന്ന യോഗ്യമായ അവസ്ഥക്ക് മാത്രം പറയാവുന്ന ഒന്നാണ് "ജീവൻ" മറ്റൊരു കൂട്ടം ആത്മാക്കൾ നശിക്കപ്പെട്ട അവസ്ഥയിൽ, പക്ഷെ ജീവൻ എന്ന യോഗ്യമായ പേർ പറവാൻ പോലും കഴിയാത്ത സ്ഥിതിയാണ്. അത് "നാശം" എന്നു പറയുന്നത് എന്നേക്കും ഉപയോഗശൂന്യമായ അവസ്ഥ എന്നു വിവക്ഷിക്കാം.

കർത്താവ് തിരിച്ച് വരുമ്പോൾ, അനുസരിക്കാതിരുന്നവരെ ശിക്ഷിക്കുന്ന മറ്റൊരു വശമുണ്ട്. അവരെ **കർത്താവിന്റെ സന്നിധാനത്തുനിന്നും എന്നേക്കും മാറ്റിക്കളയുകയാണ്**. ദൈവസന്നിധിയിൽനിന്നും അവരെ തള്ളിക്കളയും. മത്തായി 7:23 ലും 25:41 ലും "എന്നെ വിട്ടുപോകുവിൻ" എന്നാണ് ക്രിസ്തു അവരോട് പറയുന്നത്, എന്നാൽ മത്തായി 8:12 ൽ, മൽസരികളെ കുറിച്ച് കർത്താവ് പറയും, "അവരെ പുറത്തുള്ള ഇരുട്ടിലേക്ക് തള്ളിക്കളവിൻ." എന്തൊരു ഭയങ്കരമായ വിധി–വെളിച്ചത്തിന്റേയും സ്നേഹത്തിന്റേയും ഉറവിടമായവനിൽ നിന്നാണ് തള്ളപ്പെടുന്നത്! "അവിടെ പല്ല് കടിയും കരച്ചലും ഉണ്ടാകും" എന്നു പറഞ്ഞിരിക്കുന്നതിൽ അതിശയിക്കാനില്ല (മത്താ. 22:13). അതിന് നേരെ എതിരാണ് 1 തെസ്സലൊനിക്യർ 4:17, അവിടെ പറയുന്നത് "നാം എപ്പോഴും കർത്താവിനോടുകൂടെ ആയിരിക്കും" എന്നാണ്.

പുറത്ത് കളയുന്നവർ കർത്താവിന്റെ **ശക്തിയും മഹിമയുടെ പ്രഭയും** വിട്ടകന്നു അപ്രത്യക്ഷമാകും (യെശ. 2:10–22). ന്യായവിധിക്ക് ശേഷം, അനുസരിക്കുന്നവർക്ക് അവന്റെ ശക്തിയും മഹത്വവും ആസ്വദിക്കുവാൻ കഴിയും, പക്ഷെ അനുസരിക്കാത്തവർക്ക് അത് ആസ്വദിക്കുവാൻ സാധ്യമല്ല, കാരണം അവർ അവന്റെ സന്നിധാനവും വല്ലഭത്വവും വിട്ടകന്നു പോകുകയാണ്.

**വാക്യം 10**. വാക്യം 8 ലും 9 ലും പറഞ്ഞിരിക്കുന്ന സംഭവങ്ങൾ **ആ ദിവസം** നടക്കും-കർത്താവ് മടങ്ങി വരുന്ന ദിവസം, അതിനെ കുറിച്ച്, "കർത്താവായ യേശു വെളിപ്പെടുമ്പോൾ" എന്നാണ് (വാ. 7). ആ വരവ് സംഭവിക്കുന്നത്, രണ്ട് ഉദ്ദേശങ്ങൾക്കാണ്.

ഒന്ന്, ക്രിസ്തു **തന്റെ വിശുദ്ധന്മാരിൽ മഹത്വപ്പെടേണം**. വാക്യം 7 ൽ നാം കണ്ടതുപോലെ, "അഗ്നിജ്വാലയിലാണ്," യേശുവിന്റെ പ്രത്യക്ഷത മഹത്വപൂർണ്ണമായിരിക്കും (പ്രവൃ. 22:11 മായി താരതമ്യം ചെയ്യുക). തന്റെ ജനത്തി "ൽ" ആ മഹത്വം കാണുവാൻ കഴിയും എന്നും ആ വാക്യം പറയുന്നു. അവർ നന്മയും ശക്തിയും പ്രദർശിപ്പിച്ചുകൊണ്ടിരിക്കും, അത് അവനിൽ തിരിച്ച് പ്രതിഫലിപ്പിക്കയും ചെയ്യും (റോമ. 8:17; ഫിലി. 3:21; 1 പത്രൊ. 2:9).

ഗ്രീക്ക് വാക്ക് ἐνδοξάζω (*എൻഡോക്സസോ*) അർത്ഥം, "മഹത്വപ്പെടുക" എന്നത് പുതിയനിയമത്തിൽ ഇവിടെയും വാക്യം 12 ലും മാത്രമാണുള്ളത്. "തന്റെ വിശുദ്ധ ജനത്തിൽ[എൻ]" എന്ന പ്രയോഗത്തിൽ പ്രിപോസിഷൻ ആവർത്തിച്ചിരിക്കുകയാണ് (എൻഐവി). ഈ അസാധാരണ പ്രയോഗം പുതിയ നിയമത്തിൽ ഇവിടെ മാത്രമാണുള്ളത്. ദൈവജനത്തിൽ അവന്റെ

മഹത്വം എങ്ങനെ പ്രതിഫലിപ്പിക്കുന്നു എന്ന് ഊന്നി പറഞ്ഞിരിക്കുകയാണ്, കാരണം അവർ "അവന്റെ കൈപ്പണിയായി സൃഷ്ടിക്കപ്പെട്ടവരാകുന്നു" (എഫെ. 2:10). ദൈവത്തിന്റെ രൂപകൽന "ആരും" "ചിലർ" ആകുന്നില്ല. അവർ ആരായിരിക്കുമെന്ന് അന്നാളിൽ അറിയും. "വാഴ്ച്ചകളും, അധികാരങ്ങളുംസ്വർഗിയ സൈന്യവുമടക്കം" (എഫെ. 3:10). അവരുടെ സൃഷ്ടികർത്താവിന്റെ മഹത്വമെന്ന ബഹുമതിയായിരിക്കും അവർക്ക് ലഭിക്കുക (ഗലാ. 1:24; 1 യോഹ. 3:2).[11]

രണ്ട്, "ആ ദിവസം" അവൻ **വിശ്വസിച്ചവരിൽ അതിശയവിഷയം ആകും.** "വിശ്വസിച്ചവരെ" അല്ലെങ്കിൽ ക്രിസ്ത്യാനികളെ കുറിച്ചാണ് ഇവിടെ പറയുന്നത്. അവിശ്വാസികൾ ദൈവസാന്നിധ്യം വിട്ടകന്നു പോകുമെന്നാണ് വാക്യം 9 ൽ പറയുന്നത്, വിശ്വാസികൾ മഹത്വീകരിക്കപ്പെടുക മാത്രമല്ല, അവന്റെ സന്നിധിയിൽ "അതിശയവിഷയമാകുകയും" ചെയ്യും. അവന്റെ സാന്നിധ്യം അവർ വിചാരിച്ചതിനേക്കാൾ ശക്തമായിരിക്കുമെന്നതിനാൽ, അവർ വിസ്മയിക്കുകയും അതിശയിക്കുകയും ചെയ്യും. അവന്റെ മഹത്വത്തിന്റെ പ്രഭ പങ്കിടുന്നവരിൽ തെസ്സലൊനിക്യയിലെ ക്രിസ്ത്യാനികളും ഉൾപ്പെടും കാരണം അവർ പൗലൊസിന്റെ **സാക്ഷ്യവും** പ്രസംഗവും കേട്ടനുസരിച്ചവരാണ് (1 തെസ്സ. 2:13).

### യാചന (1:11, 12)

**[11]അതുകൊണ്ട് ഞങ്ങൾ നമ്മുടെ ദൈവത്തിന്റേയും കർത്താവായ യേശുക്രിസ്തുവിന്റേയും കൃപയാൽ നമ്മുടെ കർത്താവായ യേശുവിന്റെ നാമം നിങ്ങളിലും നിങ്ങൾ അവനിലും മഹത്വപ്പെടേണ്ടതിന്ന് [12]നമ്മുടെ ദൈവം നിങ്ങളെ തന്റെ വിളിക്ക് യോഗ്യരായി എണ്ണി സൽഗുണത്തിലുള്ള സകല താൽപര്യവും വിശ്വാസത്തിന്റെ പ്രവൃത്തിയും ശക്തിയോടെ പൂർണ്ണമാക്കി തരേണം എന്നു നിങ്ങൾക്കു വേണ്ടി എപ്പോഴും പ്രാർത്ഥിക്കുന്നു.**

**വാക്യം 11.** തെസ്സലൊനിക്യരുടെ അവസാന നിരപ്പായിരുന്നു പൗലൊസ് തന്റെ മനസിൽ സൂക്ഷിച്ചിരുന്നത് അതുകൊണ്ട്, അവനും അവന്റെ സഹപ്രവർത്തകരും അവർക്കായി **എപ്പോഴും** പ്രാർത്ഥിച്ചിരുന്നു (1 തെസ്സ. 3:10; കൊലൊ. 1:9–12 താരതമ്യം ചെയ്യുക). പ്രാർത്ഥനയുടെ ഫലത്തിൽ പൗലൊസ് വിശ്വസിച്ചിരുന്നു. നിങ്ങളെ വിളിച്ച "വിളിക്ക്" **യോഗ്യമായി ദൈവം എ[ണ്ണും]** എന്നതായിരുന്നു അവന്റെ അപ്പോഴത്തെ പ്രാർത്ഥന. "നിങ്ങളുടെ വിളി" എന്നു പരഞ്ഞിരിക്കുന്നത് ദൈവത്തോട് നിരന്നുകൊള്ളുവാനുള്ള ക്ഷണം ആയിരുന്നു (2 കൊ. 5:19). സുവിശേഷ സന്ദേശം വിപുലമാക്കിയതിന്റെ ഭാഗമായിരുന്നു അത് (1 കൊ. 1:26). "യോഗ്യരായി എണ്ണുക" (വാ. 5; 1 തെസ്സ. 2:12 നോക്കുക). എന്നു പറഞ്ഞാൽ ദൈവം തന്റെ കൃപയാൽ പാപം മോചിച്ച് നമ്മിൽ കുറ്റബോധമുണ്ടെങ്കിലും അവൻ നമ്മെ യോഗ്യരായി കണക്കാക്കുമെന്നാണ്. എങ്ങനെയായാലും, അവൻ വിളിക്കുന്ന വിളിയനുസരിച്ച് നാം നടന്നില്ലെങ്കിൽ, അപ്രകാരം കണക്കാക്കുകയില്ല (എഫെ. 4:1), അതിൽ നാം നമ്മുടെ പാപങ്ങൾ സമ്മതിച്ച് മാനസാന്തരപ്പെടുന്നതും ഉൾപ്പെടുന്നു (1 യോഹ. 1:8–10). ദൈവം സൽഗുണത്തിലുള്ള **സകലതാൽപര്യവും വിശ്വാസത്തിന്റെ പ്രവൃത്തിയും ശക്തിയോടെ പൂർണ്ണമാക്കി തരേണമെന്നുമായിരുന്നു** പൗലൊസ് പ്രാർത്ഥിച്ചത്. അവന്റെ "ശക്തിയാൽ" എല്ലാ "നല്ല ഉദ്ദേശവും" (എൻഐവി)

അവർ തിരിച്ചറിയേണ്ടതിനായിരുന്നു അവൻ പ്രാർത്ഥിച്ചത് "സൽഗുണം" ആത്മാവിന്റെ ഫലങ്ങളിൽ പെടുന്നതാണ് (ഗലാ. 5:22). ഒരിക്കൽകൂടെ അവൻ "വിശ്വാസത്തിന്റെ പ്രവൃത്തിയെ" കുറിച്ച് പറയുകയും, ശരിയായ വിശ്വാസം ദൈവിക പ്രവൃത്തി ചെയ്യുകയും ചെയ്യുമെന്ന് നമ്മെ ഓർമ്മിപ്പിച്ചിരിക്കുന്നു (1 തെസ്സ. 1:3). "ശക്തിയോടെ" എന്നതിന്റെ ഗ്രീക്ക് വാക്ക് ἐν δυνάημει (*എൻ ഡുനാമെയ്*) അർത്ഥം "ശക്തിയിൽ" എന്നാണ് ഇതിനെ "ക്രിസ്തുവിൽ" ഉള്ള ദൈവശക്തിയായി താരതമ്യം ചെയ്യാവുന്നതാണ് (1 കൊ. 1:24), അത് പരിശുദ്ധാത്മാവ് മുഖാന്തരമാണ് വരുന്നത് (1 തെസ്സ. 1:5)."[12]

**വാക്യം 12**. മനുഷ്യർ കർത്താവിനെ സ്വീകരിച്ച് അവന്റെ ഉപദേശങ്ങൾ സ്വീകരിക്കുമ്പോൾ, അവരിൽ അവന്റെ **നാമം മഹത്വീകരിക്കപ്പെടും** (യോഹ. 17:10; ഗലാ. 1:24). മറുവശത്ത്, നമ്മുടെ ഗുരുവായ ക്രിസ്തുവിന്റെ മാഹാത്മ്യത്താൽ അവന്റെ മഹത്വം നമുക്ക് തരുന്നു, നാം അവൻെറ വിദ്യാർത്ഥികളാണ് (**അവനിൽ നിങ്ങൾ**). അവന്റെ മാഹാത്മ്യത്താലാണ് തന്റെ മഹത്വം നമ്മിൽ പകരുമാറാക്കുന്നത്. ഇവയെല്ലാം സാധ്യമാകുന്നത്, **ദൈവത്തിന്റെയും കർത്താവായ ക്രിസ്തുവിന്റെയും കൃപയാലത്രെ** [അനർഹമായ ഉപകാരം].

## പ്രായോഗികത

ഈ അദ്ധ്യായത്തിന്റെ ഒന്നാമത്തെ മുഖ്യ വിഷയം "പ്രോൽസാഹനം" ആണ്. തെസ്സലൊനിക്യയിലെ ക്രിസ്ത്യാനികൾ കഠിനമായി ഉപദ്രവിക്കപ്പെടുകയും പരീക്ഷണത്തിന് വിധേയരാകുകയും ചെയ്തുകൊണ്ടിരുന്നതിനാൽ അവർക്ക് ഹൃദയസ്പർശിയായ വാക്കുകൾ ആവശ്യമായിരുന്നു. "നാം സത്യമാണ് അനുസരിച്ചിരിക്കുന്നതെങ്കിൽ, പിന്നെ എന്തിനാണ് ഈ പീഢനങ്ങൾ സഹിക്കുന്നത്?" എന്ന് ചിലരെങ്കിലും ചിന്തിച്ചിരിക്കാം.

തെസ്സലൊനിക്യയിൽനിന്ന് വീണ്ടും വിവരങ്ങൾ ലഭിച്ചപ്പോൾ, തന്റെ ഒന്നാമത്തെ ലേഖനം അവർ എങ്ങനെ കൈക്കൊണ്ടു എന്ന് അവന് മനസിലാക്കുവാൻ കഴിഞ്ഞു. സഭയ്ക്കെതിരെ അപ്പോഴും ഉപദ്രവങ്ങൾ തുടർന്നുകൊണ്ടാണിരുന്നു എന്ന് അവന് അറിയുവാൻ കഴിഞ്ഞു, അപ്പോഴും അവർക്ക് കർത്താവിന്റെ മടങ്ങിവരവിനെ കുറിച്ച് തെറ്റിദ്ധാരണയുണ്ടായിരുന്നു. അതേസമയം അവർ വിശ്വാസത്തിലും സ്നേഹത്തിലും വളർന്നുകൊണ്ടിരുന്നു.

ക്രിസ്തുവിന്റെ രണ്ടാം വരവിനെ കുറിച്ചുള്ള അവരുടെ തെറ്റിദ്ധാരണ മാറ്റിയെടുക്കുവാനും ക്രിസ്തുനിൽ അവരുടെ വളർച്ചയെ പ്രോൽസാഹിപ്പിക്കുവാനുമായിരുന്നു അവന്റെ ചിന്ത.

### ദൈവത്തിൽനിന്നും ക്രിസ്തുവിൽ നിന്നുമുള്ള അനുഗ്രഹങ്ങൾ (1:1, 2)

1 ഉം 2 ഉം തെസ്സലൊനിക്യ ലേഖനങ്ങൾ എഴുതിയത് പൗലൊസും, ശിലാസും, തിമൊഥെയൊസും ചേർന്നാണ്. പ്രാഥമികമായി, ലേഖന കർത്താവ് പൗലൊസ് ആണ്, ശിലാസും തിമൊഥെയൊസും, കൂടെ ഉണ്ടായിരുന്നതുകൊണ്ടും, തെസ്സലൊനിക്യർക്ക് അവരെ അറിയാവുന്നതുകൊണ്ടും അവരുടെ പേർ പറഞ്ഞിരിക്കുന്നു.

പൗലൊസ് പറഞ്ഞു, ദൈവത്തിൽനിന്നും ക്രിസ്തുവിൽനിന്നും ലഭിക്കുന്ന അനുഗ്രഹങ്ങളുണ്ട്. നമ്മുടെ ആത്മികമായ ആവശ്യങ്ങൾ നിറവേറ്റുന്നവയാണ് ആ അനുഗ്രഹങ്ങൾ.

*ഒരു ദൈവിക വെളിപ്പാട് നമ്മെ ബോധ്യമാക്കുന്നു*. അവരുടെ സാഹചര്യത്തിനനുസിച്ച് ആവശ്യമായ വെളിപ്പാടാണ് അവൻ അവർക്ക് അയച്ച് കൊടുക്കുന്നതും അവർക്ക് ലഭിക്കുന്നതും. പുതിയ നിയമ കാനോനിന്റെ ഒരു ഭാഗം പൗലൊസിൽകൂടെ ദൈവം എത്തിച്ചുകൊടുക്കുകയായിരുന്നു.

*നമ്മെ നിലനിർത്തുന്ന ഒരു ദൈവിക കൃപ.* ദൈവത്തിൽനിന്നും ക്രിസ്തുവിൽനിന്നും ആണ് കൃപ ലഭിക്കുന്നത് എന്നാണ് പൗലൊസ് പറഞ്ഞത്. വാസ്തവത്തിൽ, നമുക്ക് ആവശ്യമായ കൃപ നൽകുവാൻ, ദൈവത്തിനും യേശുക്രിസ്തുവിനും മാത്രമെ കഴിയു.

യോഗ്യമല്ലാത്ത ഉപകാരമാണ് കൃപ. നമുക്ക് അർഹതയില്ലാത്തതും, നേടിയെടുക്കുവാൻ കഴിയാത്തതുമായ രക്ഷ അവന്റെ കൃപയാലാണ് നമുക്ക് ലഭിക്കുന്നത്. നമുക്ക് അർഹതയില്ലെങ്കിലും, അവന്റെ കൃപയാലാണ് നാം രക്ഷയിൽ നിലനിൽക്കുന്നത്.

*നമ്മെ ശാന്തമാക്കുന്ന ഒരു ദൈവിക സമാധാനം.* പിതാവായ ദൈവത്തിൽനിന്നും കർത്താവായ യേശുക്രിസ്തുവിൽനിന്നുമാണ് നമുക്ക് സമാധാനം ലഭിക്കുന്നതെന്ന് പൗലൊസ് പറഞ്ഞിരിക്കുന്നു. ദൈവ കൃപയുടെ ഫലമായിട്ടാണ് സമാധാനം ലഭിക്കുന്നത്. ദൈവ കൃപയാലാണ് നാം രക്ഷിക്കപ്പെടുന്നത്; തൽഫലമായി, സുവിശേഷം അനുസരരിക്കുമ്പോൾ സമാധാനം ദൈവം തരുന്നു (റോമ. 5:1) പ്രായോഗിക സമാധാനം പ്രാർത്ഥനയിൽ കൂടെ ലഭിക്കുന്നു (ഫിലി. 4:6).

കലങ്ങിയ നമ്മുടെ പൃദയങ്ങൾക്ക് സമാധാനവും, നമ്മുടെ പാപങ്ങൾക്ക് കൃപയും ഉൾപ്പെടുന്ന ദൈവിക സന്ദേശം നമുക്ക് ആവശ്യമാണ്, ദൈവവും ക്രിസ്തുവും ആ കുറവുകൾ നികത്തി തരും, വിശ്വാസത്താൽ അത് നമ്മിൽ വരികയും അതിൽ നടക്കുകയും ചെയ്യുന്നു. ഈസി

**കൂടുതൽ അനുമോദിക്കാവുന്ന ഗുണങ്ങൾ (1:3, 4)**

ലേഖനം തുടങ്ങുമ്പോൾ തന്നെക്കുറിച്ച് അധികമൊന്നും പറയാതെയാണ് പൗലൊസ് ലേഖനം ആരംഭിക്കുന്നത്. താൻ അവരോട് ചർച്ച ചെയ്യുവാൻ പോകുന്ന വിഷയത്തിലേക്ക് കടക്കുന്നതിനു മുൻപ് അവരെ അനുമോദിക്കുവാനാണ് പൗലൊസ് സമയം ചെലവഴിക്കുന്നത്: "ഞങ്ങൾ ... നിങ്ങൾക്ക് വേണ്ടി എപ്പോഴും സ്തോത്രം ചെയ്യുന്നു" എന്നത് തെളിയിക്കുന്നത് തെസ്സലൊനിക്യർ പൗലൊസിന്റെ ഹൃദയത്തിൽ ഉണ്ടായിരുന്നു എന്നാണ്. (വാ.3); "ഞങ്ങൾ ... നിങ്ങളെ ചൊല്ലി പ്രശംസിക്കുന്നു" (വാ.4); "ഞങ്ങൾ നിങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കുന്നു" (വാ. 11).

പൗലൊസ് പറഞ്ഞ വാക്കുകൾ, "നിങ്ങളെ കുറിച്ച് ദൈവത്തിന് എപ്പോഴും സ്തോത്രം പറവാൻ ഞങ്ങൾ കടമ്പെട്ടിരിക്കുന്നു" (വാ. 3). അവരുടെ ആത്മിയമായ അവസ്ഥയാണ് അവർക്ക് വേണ്ടി സ്തോത്രം ചെയ്യുവാൻ പൗലൊസിനെ പ്രേരിപ്പിച്ചത്. പൗലൊസ് പിന്നീട് അവർക്ക് സ്തോത്രം ചെയ്യുന്നത് "യുക്തം" ആയിരുന്നു. ആ പ്രയോഗം തെളിയിക്കുന്നത് പൗലൊസിന്റെ നന്ദി ചെലുത്തൽ തീകച്ചും ഉചിതമായിരുന്നു എന്നാണ്.

തെസ്സലൊനിക്യർക്ക് വേണ്ടി അവൻ സ്തോത്രം ചെയ്തത് എന്തുകൊണ്ട്? നാം കാണേണ്ടതായ നമ്മുടെ ഗുണങ്ങൾ അനൻ അവരിൽ കണ്ടു.

*ശക്തമായി വളർന്ന ഒരു വിശ്വാസം.* അവരുടെ വിശ്വാസം വളർന്നു (വാ. 3). ഉപദ്രവം നേരിട്ടിരുന്നെങ്കിലും, അവർ തങ്ങളുടെ ദൈവത്തിലും ക്രിസ്തു

വിലും ഉള്ള വിശ്വാസത്തിൽ വളർന്നു വന്നു.

മുൻപ് പൗലൊസ് അവരുടെ വിശ്വാസത്തെ ഓർത്ത് ചഞ്ചലിച്ചിരുന്നു (1 തെസ്സ. 3:2, 5) അവരുടെ വിശ്വാസത്തിൽ കുറവുള്ളത് നികത്തുവാനായിരുന്നു ഒന്നാമത്തെ ലേഖനം എഴുതിയത് (1 തെസ്സ. 3:10). കുറച്ചു കഴിഞ്ഞപ്പോൾ, അവൻ വിചാരിച്ചതിനേക്കാൾ അവരുടെ വിശ്വാസം വർദ്ധിച്ചു. "ഏറ്റവും അധികം വർദ്ധിച്ചു" എന്ന ക്രിയാപ്രയോഗം ശക്തമായ സംയുക്ത ക്രിയയാണ്, പുതിയ നിയമത്തിൽ അത് ഇവിടെ മാത്രമാണുള്ളത്, സൂചിപ്പിക്കുന്നത്, ആരോഗ്യമുള്ള ഒരുസസ്യത്തിന്റെ പെട്ടെന്നുള്ള വളർച്ചയെ ആണ്.

*വർദ്ധിച്ചതായ ഒരു സ്നേഹം.* അന്യോന്യമുള്ള അവരുടെ സ്നേഹം വർദ്ധിക്കുകയായിരുന്നു (വാ. 3). തന്റെ ആദ്യത്തെ ലേഖനത്തിൽ അന്യോന്യമുള്ള അവരുടെ സ്നേഹം വർദ്ധിപ്പിക്കുവാൻ അവൻ ആവശ്യപ്പെടുകയും, ഈ ലേഖനത്തിൽ അവരുടെ വളർച്ചയിൽ അവരെ അനുമോദിക്കുകയും ചെയ്തു.

തന്റെ പ്രാർത്ഥനയുടെ ഫലം കൂടെയായിരുന്നു അവരുടെ വളർച്ച (1 തെസ്സ. 3:12). ആരെ സ്നേഹിക്കുന്നുവോ, അവരിൽനിന്നു ദൈവഹിതം അന്വേഷിക്കുന്നതാണ്, തെസ്സലൊനിക്യയിലുള്ളവർ ആത്മിയ ശരീരത്തിലുള്ള എല്ലാവരേയും സ്നേഹിച്ചിരുന്നു. "മുമ്പത്തേക്കാളും വർദ്ധിച്ചു" എന്നു പറയുന്നതും "ഏറ്റവും അധികം വർദ്ധിച്ചു" എന്നു പറയുന്നതും തമ്മിൽ വ്യത്യാസമുണ്ട്. "ഏറ്റവും അധികം വർദ്ധിച്ചു" എന്നു പറഞ്ഞാൽ ഒരു തീയോ പ്രളയമോ അത് പോകുന്ന വഴിയിലെല്ലാം വ്യാപിച്ചു എന്നു പറയുന്നതുപപോലെ ആണ്. അവരുടെ സ്നേഹം നിറഞ്ഞുകവിഞ്ഞ് എല്ലാ സഹോദരന്മാരിലേക്കും വ്യാപിച്ചു.

*ഭീഷണിയെ തള്ളിക്കളയുന്നതായിരുന്നു അവരുടെ സ്ഥിരത.* ഉപദ്രവങ്ങളുണ്ടായിട്ടും അവർ അചഞ്ചലരായി തുടർന്നു (വാ. 4). ഉപദ്രവങ്ങൾക്ക് ഒന്നും അവരെ താഴ്ത്തി കളയുവാൻ കഴിഞ്ഞില്ല. അവർ അവയെ സഹിക്കുകയായിരുന്നു,

പൗലൊസ് അവരെ കുറിച്ച് "അഭിമാനത്തോടെ സംസാരിച്ചു," അല്ലെങ്കിൽ "പ്രശംസിച്ചു" (എൻഐവി), കാരണം പരീക്ഷണങ്ങളുടെ മദ്ധ്യത്തതിലും അവർ ഉറപ്പോടെ ജീവിച്ചു. "പ്രശംസ" എന്ന ഊന്നൽ കൊടുത്തുള്ള വാക്ക് സൂചിപ്പിക്കുന്നത് എന്തെന്നാൽ, ഇങ്ങനെ ചെയ്യുന്നത് പൗലൊസിന്റെ പതിവ് അല്ലെങ്കിലും, ഇവിടെ തെസ്സസലൊനിക്യരുടെ ചെറുത്ത് നിൽപ് നിമിത്തം അവൻ പ്രശംസിക്കുവാൻ നിർബ്ബന്ധിതനായി.

വാക്യം 4 ലെ "സ്ഥിരത" എന്നതിന്റെ ഗ്രീക്ക് വാക്ക് ὑπομονή (*ഹുപേമോൺ*) ആണ്. അത് ഒരു സംയുക്തവാക്കാണ്, അതിന്റെ പ്രിപോസിഷൻ "കീഴിൽ" എന്നും ക്രിയ "നില നിൽക്കുവാൻ" എന്നുമാണ്. അക്ഷരികമായി, ആ വാക്ക് പറയുന്നത്, വലിയ ഭാരത്തിൻകീഴിൽ ആയിരുന്നു എങ്കിലും, "വിശ്വസ്തമായി അതിനെ വഹിച്ചു" എന്നർത്ഥം. ഘനമുള്ള ഭാരം ഒരാൾ ചുമന്നുകൊണ്ടു തളരാതെ പോകുന്ന കാഴ്ച്ചയാണ് നമ്മുടെ മനസിലേക്ക് വരുന്നത്.

ഉപദ്രവവും പീഡനവും തമ്മിലുള്ള വ്യത്യാസം എന്താണ്? ക്രിസ്തുവിലുള്ള വിശ്വാസം നിമിത്തം പ്രത്യേക കഷ്ടത ഏൽപ്പിക്കുന്നതാണ് "ഉപദ്രവം." ക്രിസ്തുവിനു വേണ്ടി ജീവിക്കുന്നതിനാൽ ശാരീരികവും മാനസികവുമായി വേദനിപ്പിക്കലാണ് അത്. "പീഡനം" ജീവിതത്തിൽ പൊതുവിൽ ഏതെങ്കിലും

തരത്തിലുള്ള സമ്മർദ്ദവും കുഴപ്പവും സൃഷ്ടിക്കലാണ്.

ഉപദ്രവത്താലും, പീഢനത്താലും ഞെക്കിക്കൊണ്ടിരുന്ന വിലയേറിയ ഒരു ഫലമായിരുന്നു തെസ്സലൊനിക്യ സഭ. സ്നേഹത്തിന്റെ സുഗന്ധത്തോടെ വിശ്വാസത്തിന്റെ ചാർ കുടിച്ച് വളരുകയായിരുന്നു. ഈ ലേഖനത്തിൽ അവർ അഭിമുഖീകരിച്ച വിപത്തുകളെ കുറിച്ച് അധികമൊന്നും പൗലൊസ് പറയുന്നില്ല. അവരുടെ സമ്മർദ്ദത്തിന്റെ ഉപ-ഉൽപ്പന്നങ്ങളായി വിശ്വാസത്തിലും സ്നേഹത്തിലും അവർ വളരുകയായിരുന്നു.

നിങ്ങളാണ് ആ സഭ ആരംഭിച്ചതെങ്കിൽ, അവരുടെ ആത്മിയ വളർച്ച നിങ്ങളും പ്രതീക്ഷിക്കും. അവർ വിശ്വാസത്തിലും, അന്യോന്യമുള്ള സ്നേഹത്തിലും വളരുന്നു എന്നതും, ഉപദ്രവങ്ങളിലും അവർ തങ്ങളുടെ സ്ഥിരത കാത്തു എന്നതും നിങ്ങൾക്ക് പ്രചോദനം നൽകും.

ഇതേ രീതിയിൽ കഴിയുന്ന ക്രിസ്ത്യാനികളെ നമുക്ക് പ്രോൽസാഹിപ്പിക്കാം. അതിനു പുറമെ, അതേ ഗുണങ്ങൾ നമ്മുടെ ജീവിതത്തിലുമുണ്ടെന്ന് നമുക്ക് ഉറപ്പു വരുത്താം.

ഈസി

**സ്ഥിരത:ദൈവത്തിന്റെ നീതിയുള്ള വിധിയുടെ അടയാളം (1:4, 5)**

അദ്ധ്യായം 1 ലെ മുഖ്യ വിഷയമാണ് ന്യായവിധി. വാക്യം 4 ലും 5 ലും "ദൈവത്തിന്റെ നീതിയുള്ള വിധിയുടെ" അടയാളമാണ് ഉപദ്രവം സഹിക്കുന്നത് എന്നാണ് പൗലൊസ് പറഞ്ഞത്. ആ പ്രസ്താവന നമ്മെ തെറ്റിദ്ധരിപ്പിച്ചേക്കം. "അല്ലയോ, പൗലൊസേ, താങ്കൾ പുറകോട്ടു പോകുകയാണോ?" എന്നു ചോദിച്ചേക്കാം. ഈ പരീക്ഷണങ്ങളെല്ലാം തെളിയിക്കുന്നത് ദൈവം നമ്മെ മറന്നു എന്നല്ലേ? തീർച്ചയായും, ഉത്തരം "അല്ല!" എന്നാണ്.

തനിക്ക് മുൻപ് ക്രിസ്തുവിന് അത് അനുഭവിക്കേണ്ടി വന്നിരുന്നു എന്നാണ് പൗലൊസ് പറഞ്ഞ ന്യായം. ക്രിസ്തുവിലുള്ള വിശ്വാസം നിമിത്തം ഉപദ്രവിക്കപ്പെടുന്നത് അനുഗ്രഹമാണ്. എല്ലാ കഷ്ടതയും അനുഗ്രഹമാണ് എന്നു തെറ്റിദ്ധരിക്കരുത്, മറിച്ച്, ക്രിസ്തുവിനുവേണ്ടി അനുഭവിച്ചതാണ് പൗലൊസിന്റേയും ക്രിസ്തുവിന്റേയും മനസിൽ ഉണ്ടായിരുന്നത്. കൂടാതെ, അത് നാം സഹിക്കുമ്പോഴാണ് അനുഗ്രഹമായി തീരുന്നത്. നാം അത് സഹിക്കുമ്പോൾ, നാം "ദൈവരാജ്യത്തിന് കൊള്ളാകുന്നവരാകുന്നു" (വാ. 5) അല്ലെങ്കിൽ യേശു പറഞ്ഞതുപോലെ, "സ്വർഗത്തിൽ നിങ്ങളുടെ നിക്ഷേപം വലുത്" (മത്താ. 5:12).

ഈ ആശയവും ഇവിടെ-യും-ഇപ്പോൾ എന്നതും അവിടെ-യും പിന്നെ-യും എന്നതും തമ്മിൽ വ്യത്യാസം ഉണ്ട്. ഇവിടെ-യും ഇപ്പോ-ഴും എന്നത് യേശു പറയുന്നതനുസരിച്ച്, "വെളിച്ചം ലോകത്തിൽ വന്നിട്ടും, ആളുകൾ ഇരുട്ടിനെ സ്നേഹിച്ചതാണ്, ന്യായവിധി, കാരണം അവരുടെ പ്രവൃത്തികൾ ദോഷമുള്ളതാകുന്നു" (യോഹ. 3:19). ഈ ലോകത്തിൽ യേശുവിന് ശത്രുതയാണ് ഉണ്ടായിരുന്നത്, ക്രിസ്ത്യാനികൾക്കും ശത്രുതയാണ് ഉള്ളത്. മറ്റുള്ളവരുടെ വസ്തുവിനെ ക്രിസ്ത്യാനികൾ ബഹുമാനിക്കുകയും സത്യസന്ധമായും കാണണം, മാന്യമല്ലാത്ത സംസാരം ഒഴിവാക്കി, ലൈംഗിക അധാർമ്മികത്വത്തിൽനിന്നകന്ന്, നിർമ്മലമായ മനസാക്ഷി സൂക്ഷിക്കണം. ക്രിസ്ത്യാനികളായതുകൊണ്, സമൂഹത്തിൽ, മറ്റുള്ളവർക്ക് പ്രയോജനമുള്ളവരായി വേണം നമ്മെ സാക്ഷ്യപ്പെടുത്തുവാൻ, അതാണ്, അവിടെ-യും പിന്നെ-യും എന്നത് അർത്ഥമാക്കുന്നത്.

അവിടെ-യും പിന്നെ-യും നാം നോക്കിപ്പാർക്കുന്നത് സ്വർഗമാണ്. വിശ്വാസത്താൽ, കാര്യങ്ങളെല്ലാം മാറി മറിയുകയും, സ്വർഗത്തിൽ ശത്രുത ഇല്ല എന്നു നമുക്ക് അറിയാം. *നമ്മുടെ* ലോകത്തിൽ നാം സ്വീകാര്യത അനുഭവിക്കും, നാം "ദൈവരാജ്യത്തിന് കൊള്ളാകുന്നവരാകുകയും" ചെയ്യും.

ക്രിസ്തുവിൽ നമുക്ക് പ്രത്യാശയുണ്ട് എന്ന് അറിയുന്നതിനാൽ, നാം ക്രിസ്തുവിനു വേണ്ടി കഷ്ടത ഏൽക്കുമ്പോൾ, കാര്യങ്ങൾ തിരിഞ്ഞു വരുവാനാണ് നോക്കുന്നത് (വാ. 6, 7; ലൂക്കൊ. 16:25 നോക്കുക). ഉപദ്രവിക്കുന്നവർ, മാനസാന്തരപ്പെട്ടില്ലെങ്കിൽ, ന്യായവിധിയിൽ അകപ്പെടും. ക്രിസ്തുവിനു വേണ്ടി കഷ്ടതയേൽക്കുന്നവർക്ക് പ്രതിഫലവും ലഭിക്കും. സ്വർഗത്തിൽ അവർക്ക് ആശ്വാസവും ലഭിക്കും. ഈഈ

**ദൈവത്തിന്റെ കാഴ്ച്ചപ്പാടിൽ (1:5, 6)**

നമ്മുടെ സഭാ മന്ദിരത്തിന്റെ ബോർഡ് ഇപ്രകാരം വായിക്കുന്നു, "ദൈവകാഴ്ച്ചപ്പാടിലുള്ള വിദ്യാഭ്യാസം." ഇവിടെ, പൗലൊസ് സംസാരിക്കുന്നത് അവർ സഹിച്ചുകൊണ്ടിരുന്ന ഉപദ്രവങ്ങളെയാണ്.. ഈ ഉപദ്രവങ്ങളെ "ദൈവത്തിന്റെ കാഴ്ച്ചപ്പാടിൽ" കാണുവാനാണ് പൗലൊസ് തെസ്സലൊനിക്യരോട് പറയുന്നത്.

അതിനെ കുറിച്ച് അവൻ എന്താണ് പറയുന്നത്? ദൈവത്തിന്റെ കാഴ്ച്ചപ്പാടിൽ നാം ഉപദ്രവങ്ങളെ കണ്ടാൽ നമുക്ക് അവ സ്വീകരിക്കുവാൻ കഴിയും.

*ദൈവം ഉദ്രവങ്ങളെ അനുവദിക്കുന്നു.* ഉപദ്രവം, "ദൈവത്തിന്റെ നീതിയുള്ള വിധിയാണെന്ന്" പൗലൊസ് പറയുന്നു. പരീക്ഷണങ്ങളെ നേരിടാതെ ക്രിസ്ത്യാനികൾ എങ്ങനെയാണ് ആ വലിയ യുദ്ധം ജയിക്കുന്നത്? ക്രിസ്ത്യാനിത്വത്തിന്റെ സ്വഭാവം പറയുമ്പോൾ, ഇത്, പണിയ-പ്പെടുന്ന അനുഭവമാണ്.

*സ്വഭാവ രൂപീകരണ മാധ്യമമാണ് ഉപദ്രവം.* ഒരർത്ഥത്തിൽ, ഉപദ്രവങ്ങളിൽ കൂടെയുള്ള നമ്മുടെ ജീവിതം, നമ്മെ ദൈവരാജ്യത്തിന് യോഗ്യരാക്കി തീർക്കുകയാണ്. ഉരസൽ നമ്മുടെ തീരുമാനത്തിൽ വളർച്ചക്ക് കാരണമാകുന്നു. പോരാട്ടത്തിൽ സ്ഥിരത കൈവരിക്കുന്നതിലൂടെ നാം പക്വതയിലേക്ക് വളരുന്നതായിട്ടാണ് പൗലൊസ് ആ പ്രസ്താവനയിൽ അന്തർലീനമാക്കിയിരിക്കുന്നത്.

നമ്മുടെ കാഴ്ച്ചപ്പാടിൽ, എന്തു തന്നെയായാലും കഷ്ടത ഒഴിവാക്കപ്പെടണം. എങ്ങനെയായാലും, പുതിയ നിയമ കാഴ്ച്ചപ്പാടിൽ, ക്രിസ്തുവിനെ അനുഗമിക്കുവാനുള്ള സ്വഭാവ-രൂപീകരണ പ്രക്രിയയാണ്. നാം നീതിക്കായി കഷ്ടത സഹിക്കുന്നുവെങ്കിൽ, യേശുവിനെ അനുഗമിക്കുകയാണ്. യേശുവിന്റെ കഷ്ടതയെ കുറിച്ച് ജോർജ് മെക്ഡൊണാൾഡ് (1824–1905) ഒരിക്കൽ പറഞ്ഞു, "തന്റെ സഹോദരന്മാർ എങ്ങനെയായിരിക്കുമെന്ന് സഹോദരങ്ങൾക്ക് വേണ്ടി അവൻ കാണിച്ചു തരികയായിരുന്നു."[13]

*ഉപദ്രവങ്ങളെ സംബന്ധിച്ച് അവസാന വാക്ക് ദൈവത്തിന്റേതാണ്.* തന്റെ ജനത്തിന്മേൽ ഉപദ്രവം അഴിച്ചുവിടുന്നവരെ ദൈവം ശിക്ഷിക്കുക തന്നെ ചെയ്യും. ലോകത്തോടുള്ള തന്റെ നിയന്ത്രണം ദൈവം ഒരിക്കലും വിട്ടുകളകയില്ല. അവന്റെ നീതിയായിരിക്കും അവസാനം ജയിക്കുന്നത്.

ഉപദ്രവം നമ്മുടെ ജീവിതത്തിന്റെ ഒരു ഭാഗമാണ് എന്നു പറയാം. ആകയാൽ നാം അതിനെ എങ്ങനെ കാണണം? ന്മ്മുടെ ചുമലിലെ ഭാരം ലഘൂകരിക്കുവാൻ ആവശ്യപ്പെടേണമോ? നീരസത്തോടുകൂടെയാണോ അതോ

സന്തോഷത്തോടുകൂടെയാണോ നാം അവന്റെ അടുക്കൽ വരേണ്ടത്? നാം അതിനെ ദൈവത്തിന്റെ കാഴ്ച്ചപ്പാടിൽ എടുത്താൽ, വിശ്വാസം ശക്തമാക്കുവാനുള്ള സന്ദർഭമായി നമുക്ക് കാണുവാൻ കഴിയും. ഈസി

**അവന്റെ വരവിന്റെ അർത്ഥം (1:5-10)**

ഉപദ്രവവുമായി ക്രിസ്തുവിന്റെ മടങ്ങി വരവ് ബന്ധിപ്പിക്കുന്ന ഒരു ചർച്ചയിലേക്ക് പൗലൊസ് കടക്കുന്നു. തന്റെ ആളുകളോട് എതിർത്തവരെ ദൈവം എങ്ങനെയായിരിക്കും കൈകാര്യം ചെയ്യുന്നത് എന്ന് യേശു വരുപേ ാൾ വ്യക്തമാകും.

ക്രിസ്തുവിന്റെ രണ്ടാം വരവിനെ കുറിച്ച് പുതിയ നിയമത്തിൽ മൂന്നു വ്യത്യസ്ത സർവ്വനാമങ്ങൾ ഇംഗ്ലീഷിലാക്കിയിരിക്കുന്നത് "അപ്പോകാലിപ്സ്" (ἀποκάλυψις *അപോകാലിപ്സിസ്*), "പരൗസിയ" (παρουσία *പരൗസിയ*), "എപിഫാനി" (ἐπιφάνεια *എപിഫാനെയിയ*). "അപോകാലിപ്സ്" എന്ന വാക്കിന്റെ അർത്ഥം മറച്ചു വെച്ചിരുന്നതിനെ വെളിപ്പെടുത്തുക എന്നാണ് (1:7). "പരൗസിയ" എന്നതിന്റെ അർത്ഥം, "സന്നിഹിതനാകുക" എന്നാണ് (1 തെസ്സ. 2:19), "എപിഫാനി" എന്ന വാക്കിന്റെ അർത്ഥം, "പ്രദർശനം" എന്നാണ് (2 തെസ്സ. 2:8).

അവന്റെ വരവിനെ കുറിച് നമുക്ക് കൂടുതലായി നോക്കാം. യേശുവിന്റെ വരവ് എന്തു കൊണ്ടുവരുന്നു?

*ഒരാശ്വാസ സമയം.* ഉപദ്രവത്താൽ കഷ്ടതയേറ്റ ക്രിസ്ത്യാനികൾക്ക് ആശ്വാസമാണ് ലഭിക്കുന്നത്. അവൻ വരുന്നതോടെ, എല്ലാ കഷ്ടതയും പഴങ്കഥയായി മാറും, ക്രിസ്തുവുമായി സമ്മേളിക്കുന്ന ഒരു വലിയ സംഭവുമായിരിക്കും അത്.

"ആശ്വാസം" എന്നതിന്റെ ഗ്രീക്ക് വാക്ക് ἄνεσις (*അനെസിസ്*), അർത്ഥം, "സംഘർഷത്തിൽനിന്നുള്ള അയവ്" അല്ലെങ്കിൽ "സമ്മർദ്ദത്തിനുള്ള കുറവ്" (2 കൊ. 2:13; 7:5; 8:13 നോക്കുക).

*പകരം നൽകുന്ന സമയം.* ക്രിസ്തു വരുമ്പോൾ, കർത്താവിനെ തള്ളിക്കളഞ്ഞവർക്കും പ്രതികാരം കൊടുക്കും. അവർ തന്റേയും തന്നെ അനുഗമിച്ചവരുടേയും സാന്നിധ്യത്തിൽനിന്നും പുറന്തള്ളപ്പെടും. അത് കർത്താവിന്റെ പ്രതികാരത്തിനുള്ള സമയം ആയിരിക്കും.

അവൻ വരുമ്പോൾ, ലോകം രണ്ടായി വിഭജിക്കപ്പെടും: അവന്റെ വരവിൽ ആശ്വാസം ലഭിക്കുന്നവരും, അവന്റെ വരവിൽ നശിപ്പിക്കപ്പെടുന്നവരും. സകല ജാതികളേയും തന്റെ മുൻപിൽ കൂട്ടുകയും, രക്ഷിക്കപ്പെട്ടവരും നഷ്ടപ്പെട്ടവരും എന്നിങ്ങനെ രണ്ട് കൂട്ടമായി തിരിക്കുമെന്നും യേശു പറഞ്ഞു (മത്താ. 25:31–46). ഈസി

**ഈ നീതിയുള്ള ന്യായവിധി ജയിക്കും (1:6, 7)**

ക്രിസ്തു മടങ്ങി വരുമ്പോൾ, വിപരീത സംഭവങ്ങൾ ദൈവം നടക്കുമാറാക്കും. അവൻ "പീഡിപ്പിച്ചവർക്ക് ... പീഡയും, പീഢ ... അനുഭവിച്ച[വർക്ക്] ആശ്വാസവും പകരം നൽകും" (വാ. 6, 7). ആ സമയം ഏതുപോലെ ആയിരിക്കും?

*ഒരു വെളിപ്പാട് ഉണ്ടാകും.* ഇപ്പോൾ മറഞ്ഞിരിക്കുന്നവയെല്ലാം അന്നു വെളിപ്പെടും. ഇപ്പോൾ നമുക്ക് യേശുവിനെ കാണുവാൻ കഴിയുന്നില്ല, അന്ന്

അവനെ നമുക്ക് കാണാം.

*യേശു സ്വർഗത്തിൽ നിന്നു പ്രത്യക്ഷനാകും* (വാ. 7). യേശു സ്വർഗാരോഹണം ചെയ്തപ്പോൾ, ശിഷ്യന്മാർ അതിശയിച്ചു നോക്കി നിൽക്കുകയായിരുന്നു. അപ്പോൾ ദുതന്മാർ "ഗലീലാ പുരുഷന്മാരേ, നിങ്ങൾ ആകാശത്തിലേക്ക് നോക്കി നിൽക്കുന്നത് എന്ത്? നിങ്ങളെ വിട്ടു സ്വർഗാരോഹണം ചെയ്ത ഈ യേശുവിനെ സ്വർഗത്തിലേക്ക് പോകുന്നവനായി നിങ്ങൾ കണ്ടതുപോലെ തന്നെ അവൻ വീണ്ടും വരും എന്നു പറഞ്ഞു." (പ്രവൃ. 1:11). 1 തെസ്സലൊനിക്യർ 1:10 ൽ, "അവന്റെ പുത്രൻ സ്വർഗത്തിൽനിന്നു വരുന്നതിനായി" കാത്തിരിക്കുവാൻ പൗലൊസ് സഭയോട് പറഞ്ഞു. ക്രിസ്തു മടങ്ങി വരുമ്പോൾ, അവൻ സ്വർഗത്തിൽനിന്നും വരുന്നത് നാം കാണും.

*യേശു തന്റെ "ശക്തിയുള്ള ദൂതന്മാരുമായിട്ടായിരിക്കും"* (വാ. 7). ദൂതന്മാർ "വിശുദ്ധന്മാർ" ആണ് (1 തെസ്സ. 3:13; മർ. 8:38 നോക്കുക). ആ ദൂതന്മാർ "ശക്തിയുള്ളവർ" എന്നാണ് പൗലൊസ് പറഞ്ഞത്. തീർച്ചയായും, ശക്തിയുള്ള ദൂതന്മാരും അവന്റെ സൈന്യവുമെല്ലാം ചേരുമ്പോൾ പരാജയപ്പെടുത്തുവാൻ കഴിയാത്ത ശക്തിയാകും.

*"അഗ്നി ജ്വാലയിൽ ആയിരിക്കും" യേശു വരുന്നത്* (വാ. 7). ദൈവസാന്നിധ്യത്തോടുകൂടെ അഗ്നിയും അനുഗമിക്കും. പുറപ്പാട് 3:2 ൽ യഹോവ മോശെക്ക് പ്രത്യക്ഷനായപ്പോൾ, മുൾപ്പടർപ്പിൽ അഗ്നി ജ്വാലയിൽ പ്രത്യക്ഷനായി. യെശയ്യാവ് 66:15 പറയുന്നത്, യഹോവ അഗ്നിയിൽ വരുന്നത് ന്യായവിധി നടത്തുവാനാണ് എന്നത്രെ: "യഹോവ തന്റെ കോപത്തെ ഉഗ്രതയോടും തന്റെ ശാസനയെ അഗ്നിജ്വാലകളോടും കൂടെ നടത്തുവാൻ അഗ്നിയിൽ പ്രത്യക്ഷനാകും" എന്നാണ്.

രണ്ട് ആശയങ്ങളെയാണ് അഗ്നി പ്രതിനിധാനം ചെയ്യുന്നത്. ഒന്ന്, അത് പ്രഭയുടെ ചിഹ്നമാണ്, രാജാവിനോടുകൂടെ വരുന്നു, രണ്ട്, അത് ന്യായവിധിയെ സൂചിപ്പിക്കുന്നു, മൽസരികളിൽ നീതി നിർവ്വഹണം നടത്തുന്നു. "യഹോവ തീ കൊണ്ട് ന്യായം വിധിക്കും" എന്ന് യെശയ്യാവ് രേഖപ്പെടുത്തിയിരിക്കുന്നു. കൂടാതെ, മലാഖി 3:2 ൽ, യഹോവയെ തീയിൽ ഊതിക്കഴിച്ച ലോഹത്തോട് ഉമിച്ചിരിക്കുന്നു. കീടങ്ങളെ അകറ്റി ശുദ്ധീകരിക്കുന്ന ഒന്നാണ് തീ.

യേശു വീണ്ടും വരുന്ന ഒരു ദിവസം വരുന്നു. തന്റെ നീതിയുള്ള ന്യായവിധി നടത്തുവാൻ, അവൻ തന്റെ സ്വർഗീയ സൈന്യവുമായിട്ടാണ് ഇറങ്ങി വരുന്നത്. ദൈവ ഭക്തിയോടെ ജീവിച്ചവർക്ക് ആ ദിവസം മഹത്തായ ഒന്നായിരിക്കും. കഷ്ടത സഹിച്ചവർക്ക് ആ ദിനം സ്വർഗീയ പ്രതിഫലം ലഭിക്കും. എങ്ങനെയായാലും, ദൈവജനത്തെ വേദനിപ്പിച്ചവർക്ക് തീച്ചൂട് ഏൽക്കേണ്ടി വരും. യേശു വീണ്ടും വരുമ്പോൾ, അവൻ എന്താണ് നമ്മിൽ കാണുന്നത്? നമുക്ക് അവന്റെ പ്രതിഫലമാണോ ലഭിക്കുക അതോ അവന്റെ കോപമാണോ?

ഈഈ

### യേശു വരുമ്പോൾ (1:5-10)

ക്രിസ്തു മടങ്ങി വരുമെന്ന പ്രോൽസാഹനവുമായി ഉപദ്രവത്തിനിരയായ ക്രിസ്ത്യാനികളെ പൗലൊസ് ആശ്വസിപ്പിച്ചപ്പോൾ, ക്രിസ്തുവിന്റെ വരവിനെ കുറിച്ച് പുതിയനിയമത്തിൽ വെച്ച് ഏറ്റവും മനോഹരമായ ഒരു ചിത്രമാണ് അവൻ നൽകുന്നത്. അവൻ എവിടെനിന്നു വരുന്നു, അവനെ അനുഗമിക്കുന്നവരെല്ലാം, അവന് ചുറ്റും ഉള്ള അവസ്ഥകളെല്ലാം വിവരിക്കുന്നു. മറഞ്ഞി

രിക്കുന്നത് വെളിവാക്കുന്ന ഒരു വെളിപ്പാട് ആയിരിക്കും അവന്റെ വരവെന്ന് പൗലൊസ് പറഞ്ഞു. അത് തുറന്നു കാണിക്കുന്ന, വെളിപ്പെടുത്തൽ ആയിരിക്കും.

അവന്റെ വരവ് എപ്രകാരമായിരിക്കുമെന്ന് നമ്മുടെ മനസിൽ ലഭിക്കുവാനിടയായ ഒരു വേദഭാഗമാണ് ഇത്.

*അവൻ ... സ്വർഗത്തിൽ നിന്നു വരും.* വരുന്നത് യേശുവാണ്, ദൈവമാണ്. ഭൂമിയിലെ തന്റെ ശുശ്രൂഷയുടെ അവസാനം, അവൻ സ്വർഗത്തിലേക്ക് മടങ്ങി പോയിരുന്നു (പ്രവൃ. 1:11), ക്രിസ്തീയ കാലത്തിന്റെ അവസാനം അവൻ മടങ്ങി വരും. പിതാവിന്റെ വലത്തുഭാഗത്ത് ഇരുന്നവനാണ് വരുന്നത്.

*ശക്തിയുള്ള ... ദൂതന്മാരുമായി അവൻ വരും.* യേശു തനിയെ അല്ല വരുന്നത്. ദൂതന്മാരുടെ ഒരു സംഘവുമായിട്ടാണ് അവൻ വരുന്നത്, ഭൂമിയെ മുഴുവൻ ന്യായവിധി നടത്തുന്നതിൽ അവർ ശക്തിയോടുകൂടി അവനെ സഹായിക്കും (മത്താ. 25:31–33). ദൂതന്മാരുടെ പങ്ക് രണ്ടാമത്തേതാണ്; അവർ യേശുവിന്റെ സഹായികൾ മാത്രമാണ്.

അവരോട് ചെയ്യുവാൻ ആവശ്യപ്പെടുന്നതെല്ലാം ചെയ്യുവാൻ ദൂതന്മാർ *ശക്തിയുള്ള*വരായിരിക്കണം. ന്യായവിധി നടത്തുവാൻ യേശുവിനെ സഹായിക്കുന്ന ദൂതന്മാർ ക്രിസ്തുവിന്റെ ശക്തിയും, പദവിയും, ദൈവികത്വം അവരുടെ പ്രവൃത്തിയിൽ പ്രദർശിപ്പിക്കും. ആ ശക്തി അവർ ഉപയോഗിക്കുന്നത്, കർത്താവിന്റെ ആജ്ഞകൾ ഉടൻ നിർവ്വഹിക്കുന്നതിന് വേണ്ടിയാണ്. അവർ തങ്ങളുടെ പങ്ക് നിർവ്വഹിക്കുമ്പോൾ, അവർ ക്രിസ്തുവിന്റെ അപാരമായ മഹത്വത്തെയാണ് പ്രതിഫലിപ്പിക്കുന്നത്.

*അവൻ ... അഗ്നി ജ്വാലയിൽ വരും.* അവന്റെ മഹത്വവും വീര്യവും, തീയാൽ ബോധ്യമാക്കും. ഒരുപക്ഷെ അവൻ ധരിച്ചിരിക്കുന്നത് തീയായിരിക്കാം, അല്ലെങ്കിൽ, അവനു ചുറ്റും മേഘം പോലെ തീ ചുറ്റിയിരിക്കാം.

*നിത്യ ... ന്യായാധിപൻ ആയിട്ടായിരിക്കും അവൻ വരുന്നത്.* തന്റെ സുവിശേഷം അനുസരിക്കാതെ, കർത്താവിന്റെ പരിജ്ഞാനത്തെ തള്ളിക്കളഞ്ഞവരോട് പ്രതികാരം ചെയ്യലാണ് അവൻ വരുന്നതിന്റെ ഒരു ഉദ്ദേശം.

സുവിശേഷം എന്നത്, വിവരണത്തേക്കാൾ, കഥയേക്കാൾ, ഉപദേശത്തേക്കാൾ അധികമാണ്. അതിന് ഒരു ആജ്ഞയുടെ സ്വഭാവമാണുള്ളത്. അത് അനുസരിക്കുവാനുള്ളതാണ്.

കർത്താവിന്റെ വരവ് ദുഷ്ടന്മാരെ ശിക്ഷിക്കുന്നതിന് മാത്രമല്ല, തനിക്കുള്ളവരെ ചേർക്കുവാനാണ് പ്രാഥമികമായി കർത്താവ് വരുന്നത്. മുഖ്യ ഉദ്ദേശമായ രക്ഷിക്കപ്പെട്ടവരെ നിത്യമായി വീണ്ടെടുത്തതിന് ശേഷം നടക്കുന്നതാണ് തന്നെ തള്ളിക്കളഞ്ഞവരെ ന്യായം വിധിക്കുന്നത്. അവന്റെ വരവിൽ ക്രിസ്തീയ യുഗം അവസാനിക്കും. അവൻ മടങ്ങി വരുന്നതോടെ നിത്യത ആരംഭിക്കും. മൂന്നു പ്രയോഗങ്ങളാൽ ബൈബിളിനെ ചുരുക്കി പറയാം. “അവൻ വരുന്നു; അവൻ വന്നു; അവൻ മടങ്ങി വരുന്നു.”

വ്യക്തവും വിസ്തൃതവുമായ വിധത്തിൽ യേശുവിന്റെ മടങ്ങി വരവ് തെസ്സലൊനിക്യർ നോക്കി കാണുവാനാണ് പൗലൊസ് ആഗ്രഹിച്ചത്, കാരണം, അത്തരം ദൃശ്യം അവരെ പ്രചോദിപ്പിക്കയും ആശ്വസിപ്പിക്കയും ചെയ്യും. അവന്റെ വരവിനെ നാം എങ്ങനെ നോക്കി കാണും? ഈസി

**അനുസരിച്ചവരുടെ ഭാവി (1:10)**

അനുസരിക്കാതിരുന്നവരുടെ അനുഭവം എന്തായിരിക്കുമെന്നു പറഞ്ഞ ശേഷം, നീതിമാന്മാരുടെ ഭാവി ചിത്രീകരിക്കുന്നതിലേക്ക് തിരിയുന്നു. വീണ്ടെടുക്കപ്പെട്ടവർക്ക് രണ്ടാം വരവ് എങ്ങനെയിരിക്കും?

*അവർ കർത്താവിനെ മഹത്വപ്പെടുത്തും.* അവരെ അവൻ അവരുടെ നിത്യഭവനത്തിലേക്ക് ചേർക്കുന്നതിനാൽ, അവർ അവനെ മഹത്വപ്പെടുത്തുകയും അവൻ മഹത്വീകരിക്കപ്പെടുകയും വിസ്മയിക്കപ്പെടുകയും ചെയ്യും. ക്രിയ "മഹത്വീകരിക്കുമെന്നതിന്" മുൻപ് "ഇൽ" എന്ന പ്രിപോസിഷൻ ഉപയോഗിച്ചിരിക്കുന്നതിനാൽ, അത് തനിയെ നിൽക്കുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, വിശുദ്ധന്മാരിൽ കർത്താവിനുള്ള മഹത്വം കണ്ണാടിയിലെന്നപോലെ സ്പഷ്ടമായിരിക്കും (യോഹ. 17:1; എഫെ. 2:7 താരതമ്യം ചെയ്യുക). വേറൊരു വിദത്തിൽ നോക്കിയാൽ, വീണ്ടെടുക്കപ്പെട്ടവർ-ക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവർ-കർത്താവിനെ മഹത്വപ്പെടുത്തിക്കൊണ്ടിരിക്കും.

*അവർ കർത്താവിന്റെ തേജസിൽ പങ്കാളികളാകും.* യേശു തന്റെ തേജസ് വീണ്ടെടുക്കപ്പെട്ടവരുമായി പങ്കിടും. നാം അനുഗമിച്ച കർത്തതാവിന്റെ തേജസിലേക്ക് നാം ഉയരും. ആ തേജസിനെ പൗലൊസ് മറ്റു ഭാഗങ്ങളിൽ ക്രിസ്ത്യാനികൾക്ക് വെളിപ്പെടുവാനിരിക്കുന്നത് എന്നാണ് പറഞ്ഞിരിക്കുന്നത്. (റോമ. 8:18; കൊലൊ 3:4; 1 പത്രൊ. 4:13 നോക്കുക). ക്രിസ്ത്യാനികൾ ഈ ജീവിതത്തിൽ തന്നെ ക്രിസ്തുവിന്റെ മഹത്വം പങ്കിടുന്നതായി പൗലൊസ് കണ്ടിരുന്നു, കൂടാതെ, ആ മഹത്വത്തിൽ ക്രിസ്തുവിനോടു ചേർന്നു അവർ വളരുകയും ചെയ്യുന്നു (2 കൊ. 3:15–18; 4:4–6). അവൻ വരുമ്പോൾ, അവർക്ക് അവന്റെ തേജസ് അധികമായി ലഭിക്കും.

*അവർ തങ്ങളുടെ വിശ്വാസത്തിന്റെ നിവർത്തീകരണം അനുഭവിക്കും.* നമ്മുടെ വിശ്വാസത്തിന് ഒരു അവസാനം വരുമെന്ന് തോന്നുന്നു, പൂർത്തീകരണം. പൗലൊസിന്റെ സാക്ഷ്യം അവർ വിശ്വസിച്ചു, സ്വീകരിച്ചു, അവൻ വരുമ്പോൾ അത് പൂർത്തിയാകുന്നു.

*അവർ തങ്ങളുടെ നിത്യ ഭവനത്തിൽ പ്രവേശിക്കുന്നു.* ഈ വാക്യത്തിൽ പൗലൊസ് കാലങ്ങളുടെ അവസാനത്തെ കുറിച്ച് പറയുന്നു. എക്കാലവും നോക്കിയിരുന്ന ദൈവത്തിന്റെ നിത്യമായ പദ്ധതിയുടെ പൂർത്തീകരണം സംഭവിക്കുന്നു.

ക്രിസ്ത്യാനി ദൈവത്തിന്റെ ആ മഹത്തായ പദ്ധതിയുടെ ഭാഗം അനുഭവിക്കും. ഈ ഒരു സന്ദർഭം മുൻ കണ്ടുകൊണ്ടാണ് ദൈവം പ്രവർത്തിച്ചതെല്ലാം. ഓരോ മനുഷ്യനിലും, പ്രപഞ്ചത്തിലും, ആകാശത്തിലും, നമുക്ക് ചുറ്റുമുള്ള എല്ലാറ്റിലും ദൈവത്തിന്റെ കൈവേല കാണുവാൻ കഴിയും; എന്നാൽ അവന്റെ പദ്ധതിയുടെ എല്ലാം നിവർത്തീകരണം ഏതുപോലെയായിരിക്കുമെന്ന് നമുക്ക് അറിയാമോ? ഈസി

**അനുസരിക്കാതിരുന്നവരുടെ അന്തിമസ്ഥാനം (1:8-10)**

അവൻ വരുമ്പോൾ, കർത്താവിനെ അനുസരിക്കാതിരുന്നവർക്ക് എന്തു സംഭവിക്കുമെന്ന് കാണിക്കുന്ന ഒരു നല്ല ചിത്രീകരണം നൽകുന്നു. അനുസരണം കെട്ടവരിൽ, ദൈവത്തെ അറിയാത്തവരും, കർത്താവിന്റെ പരിജ്ഞാനനമാകുന്ന സുവിശേഷം അനുസരിക്കാതെ തള്ളിക്കളഞ്ഞവരും ഉൾപ്പെടുന്നു.

ആ ആളുകൾ കർത്താവിന്റെ പ്രതികാരത്തിനിരയാകും.

*അവർ ശിക്ഷ അനുഭവിക്കും.* നിത്യമായ ആണയോടുകൂടിയ വാക്കുകളാണ് ഇവ. ക്രിസ്ത്യാനികളെ ഉപദ്രവിച്ചവർക്ക് ഏതാണ്ട് അതേ രീതിയിലുള്ള അനുഭവമായിരിക്കും ലഭിക്കുക. അവർ ഏൽപിച്ച കഷ്ടത കർത്താവ് വരുമ്പോൾ തീവ്രമായി തന്നെ ലഭിക്കും.

*അവർ നിത്യമായ നാശം അനുഭവിക്കും.* "നിത്യമായ" എന്നതിനാണ് ഇവിടെ ഊന്നൽ. ദൈവത്തിൽ നിന്നുള്ള തുടർച്ചയായ വേർപാട് അവർക്ക് എന്നേക്കും അനുഭവിക്കേണ്ടി വരും. ശിക്ഷയെ ഇവിടെ വിവരിച്ചിരിക്കുന്നത് "നാശം" ആയിട്ടാണ്. ആ വാക്കിൽ അസ്തിത്വമില്ലാതാകുന്നു എന്ന ആശയം ഇല്ല. "നിത്യ നാശം" എന്ന പ്രയോഗം പുതിയ നിയമത്തിൽ ഇവിടെ മാത്രമാണുള്ളത്, അത് നിത്യ ജീവന്റെ നേരെ എതിരാണ്.

*കർത്താവിന്റെ സന്നിധാനം വിട്ടകന്ന് നിത്യനാശം അവർ അനുഭവിക്കും.* അവന്റെ ശക്തിപ്രഭാവമുള്ള മഹത്വവും, അവനിൽനിന്നു പുറപ്പെടുന്ന ശിക്ഷയും എപ്രകാരമായിരിക്കുമെന്ന് മനസിലാക്കുവാൻ മനുഷ്യർക്ക് അസാധ്യമാണ്. നീതിമാന്മാർ കർത്താവിനോടുള്ള കൂട്ടായ്മയിൽ പ്രവേശിക്കും, നീതി കെട്ടവർ അവനോടുള്ള കൂട്ടായ്മയിൽനിന്ന് എന്നേക്കുമായി തള്ളിക്കളയും.

ചില തുറമുഖങ്ങൾ വർഷത്തിൽ മുഴുവനും പ്രവർത്തിക്കും. മറു തുറമുഖങ്ങൾ ശൈത്യകാലത്ത് ഐസ് നിറയുന്നതിനാൽ അടച്ചിടും. മഞ്ഞ് മൂടുന്നതിനാൽ കാനഡയിലെ മോൺറീൽ തുറമുഖത്തിലെ കപ്പലുകൾ അവിടെ നിന്നു മാറ്റുവാൻ ഉടമസ്ഥർ കപ്പിത്താൻമാരോട് ആവശ്യപ്പെടും. അത് കൂട്ടാക്കാതെ നീട്ടിക്കൊണ്ടുപോയാൽ, അയാൾക്ക് കപ്പൽ അവിടെ നിന്നു നീക്കുവാൻ സാധിക്കാതെ വരും. കപ്പൽ നീക്കുവാൻ അവസരം ലഭിച്ചപ്പോൾ, പ്രവർത്തിക്കാതിരുന്നാൽ, അയാൾക്ക് അർഹമായത് ലഭിക്കും. ആകയാൽ നിത്യ. ശിക്ഷ രണ്ട് വസ്തുതകളെ ഉറപ്പിക്കുന്നു: ദൈവത്തിന്റെ ക്ഷമ എന്നേക്കുമുള്ളതായിരിക്കുകയില്ല, മനുഷ്യന് മാനസാന്തതരപ്പെടുവാനുള്ള അവസരവും പരിമിതമായിരിക്കും.[14]

ഇതുപോലുള്ള ഒരു ചിത്രം ദൈവ വചനത്തിൽ വേറെ മറ്റൊന്നില്ല. ദൈവത്തിൽനിന്നുള്ള നിത്യമായ വേർപാട് വലിയ വിപത്ത് ആയതിനാലായിരുന്നു ക്രൂശ് ഭയങ്കരമായത്. അവസാനം, രക്ഷക്കുള്ള ഏകമാർഗമായ സുവിശേഷത്തെ തള്ളിക്കളഞ്ഞവരെ ദൈവം തള്ളിക്കളയും. ഈസി

**അന്യോന്യം പ്രാർത്ഥിക്കൽ (1:11, 12)**

പൗലൊസ് പ്രാർത്ഥിച്ച പ്രാർത്ഥനയോട് ചേർന്ന്, തലകളെ വണങ്ങി, പ്രാർത്ഥിക്കുന്നത് ഒന്നു ഊഹിച്ചു നോക്കുക. അത് എന്തൊരു ബഹുമതിയായിരിക്കും! അവൻ അടുത്തതായി എന്തിനുവേണ്ടി പ്രാർത്ഥിച്ചു എന്നു നോക്കുന്നത് നന്നായിരിക്കും.

ഈ രണ്ട് വാക്യങ്ങളിൽ, അവൻ തെസ്സലൊനിക്യർക്ക് വേണ്ടിയാണ് പ്രാർത്ഥിച്ചത്. അവർക്കായി അവൻ തുടർച്ചയായി ഒരു പ്രത്യേകമായ പ്രാർത്ഥന നടത്തിയിരുന്നു. തുടർച്ചയായി അവൻ എപ്പോഴും അവർക്ക് വേണ്ടി പ്രാർത്ഥിച്ചിരുന്നു. അത് പ്രാധാന്യമുള്ള ഒന്നായിരിക്കണം. അവൻ തെസ്സലൊനിക്യർക്ക് വേണ്ടി വലിയ യാചന നടത്തിക്കാണും. തീർച്ചയായും നാം അന്യോന്യം നടത്തേണ്ട അപേക്ഷയാണ് പ്രാർത്ഥന.

*നമ്മുടെ സഹോദരങ്ങൾ വിളിച്ച വിളിക്ക് യോഗ്യരായി തീരേണ്ടതിന്.* അവർ ക്രിസ്ത്യാനികളായപ്പോൾ അവരെ ദൈവം വിളിച്ച വിളിക്ക് തെസ്സലൊനിക്യർ യോഗ്യരായി തീരുവാൻ പൗലൊസ് പ്രാർത്ഥിച്ചു. വീണ്ടെടുക്കപ്പെട്ടവരുടെ ഉത്തമ ജീവിതം നയിക്കുവാൻ സുവിശേഷത്താലായിരുന്നു അവനെ വിളിച്ചത്. അവർ തങ്ങളെ വിളിച്ച വിളിക്ക് യോഗ്യമായി നടക്കുവാനായിരുന്നു പൗലൊസ് ആഗ്രഹിച്ചത്. നമ്മുടെ സഹോദരങ്ങൾക്ക് വേണ്ടിയുള്ള നമ്മുടെ പ്രാർത്ഥനയും അതായിരിക്കണം.

*നമ്മുടെ സഹോദരങ്ങളുടെ വിശ്വാസത്താ-ലുള്ള ആവശ്യങ്ങൾ നിറവേറപ്പെടേണ്ടതിന്.* അന്യരുടെ ഉത്തമമായ ഓരോ ആവശ്യവും ദൈവം നിറവേറ്റും എന്നായിരുന്നു പൗലൊസ് പറഞ്ഞത്. ഇവിടെ പറയുന്ന നന്മ ദൈവത്തിന്റേതല്ല, മറിച്ച് തെസ്സലൊനിക്യരുടേതാണ്. "നന്മ ചെയ്യുന്നതിനാലുള്ള എല്ലാ നന്മയും നിറവേറപ്പെടും" എന്നാണ് ഇവിടെ തർജിമ ചെയ്യേണ്ടിയിരുന്നത്. നന്മക്കുള്ള ഓരോ ആഗ്രഹവും, വിശ്വാസത്താലുള്ള ഓരോ പ്രവൃത്തിക്കുമുള്ള ഫലവും, ദൈവശക്തിയിൽ നൽകപ്പെടും.

ദൈവത്തോടുള്ള ഈ വിശുദ്ധമായ യാചനയിൽ, വിശ്വാസവും, ദൈവശക്തിയും, നന്മയും യോജിച്ചിരിക്കുന്നതായി നമുക്ക് കാണാം തന്റെ ജനത്തിന്റെ പ്രാർത്ഥന ദൈവം കേൾക്കുമെന്നും, അവരിൽ ദൈവിക ഉദ്ദേശം നിറവേറ്റുമെന്നും ഉറപ്പിക്കുന്നതായിരുന്നു ആ അപേക്ഷകൾ.

*അവരിൽ ക്രിസ്തു മഹത്വപ്പെടേണ്ടതിന്ന്.* തെസ്സലൊനിക്യർ മുഖാന്തരം ക്രിസ്തു തേജസ്ക്കരിക്കപ്പെടുവാനും, അവർ ക്രിസ്തുവിന്റെ മഹത്വത്തിൽ പങ്ക് ചേരുവാനുമായിരുന്നു പൗലൊസ് പ്രാർത്ഥിച്ചത്. "നാമം" തീർച്ചയായും, വ്യക്തിയെ മുഴുവൻ സൂചിപ്പിക്കുന്നതാണ്. അതുകൊണ്ട്, ക്രിസ്തുവിന്റെ "നാമം" മഹത്വപ്പെടുത്തുക എന്നു പറഞ്ഞാൽ, അവന്റെ വ്യക്തിത്വത്തെ മുഴുവനായി ലോകത്തിന് കാണിച്ചു കൊടുക്കുക എന്നാണർത്ഥം. ക്രിസ്തുവിൻെറ മഹത്വം രണ്ട് വിധത്തിൽ ചലിക്കുന്നതായി പൗലൊസ് കണ്ടു-ക്രിസ്ത്യാനികൾ ക്രിസ്തുവിന് മഹത്വം കൊടുക്കുന്നു, അവർ അവന്നായി ജീവിക്കുന്നതുകൊണ്ട്, അവന്റെ മഹത്വം അവർ പങ്കിടുകയും ചെയ്യുന്നു.

എന്തൊരു അർത്ഥവത്തായ പ്രാർത്ഥനയാണിത്! അതിൽ ആത്മിയാവശ്യങ്ങൾ അടങ്ങിയിരിക്കുന്നു: യോഗ്യമായ നടപ്പ്, ക്രിസ്ത്യാനികളുടെ ആഗ്രഹങ്ങൾ, ക്രിസ്തുവിനെ അത്ഭുതകരമായി മഹത്വപ്പെടുത്തലും, അവന്റെ തേജസിൽ പങ്കാളികളാകുന്നതും. നമ്മുടെ സഹോദരങ്ങൾക്കായി അതേ പ്രാർത്ഥന പ്രാർത്ഥിക്കുകയും, അതേ പ്രാർത്ഥന നമുക്കു വേണ്ടി പ്രാർത്ഥിക്കുവാൻ അവരോട് ആവശ്യപ്പെടുകയും ചെയ്യാം. ഈസി

**കുഴപ്പ സമയത്ത് വിശ്വസ്തത (1:1-12)**

ആദ്യം നാം ക്രിസ്ത്യാനിയായപ്പോഴത്തെ സാഹചര്യത്തിലേക്ക് ഒന്ന് മടങ്ങി പോയാൽ, നമ്മുടെ ആദ്യ മണിക്കൂറുകളും ദിവസങ്ങളും, ആവേശവും, നന്ദിയും, സഹോദരങ്ങളോടുള്ള സ്നേഹാധിക്യവും പറഞ്ഞറിയിക്കുവാൻ പറ്റാത്തതായിരുന്നു. അവയെല്ലാം ആസ്വദിക്കുന്ന അനുഗ്രഹങ്ങളായിരുന്നു. കൂടാതെ, അവ നമ്മുടെ പുതിയ ജീവിതം തുടരുന്നതിന് പ്രോൽസാഹനവുമായിരുന്നു.

ഒരുപക്ഷെ മറ്റുള്ളവർ നമ്മോട് എങ്ങനെ പ്രതികരിക്കുമെന്ന് കരുതിയിരുന്നേക്കാം, പരിഹാസവും, അവഗണനയും നേരിട്ടേക്കാം. അത്തരം നിഷേധ

സ്വാധീനങ്ങളെയും നിരാശപ്പെടുത്തലിനേയും നാം അതിജീവിക്കുവാൻ ശീലിക്കണം. ചിലർ ഇപ്പോഴും അവർ ക്രിസ്തുവിന് സമർപ്പിക്കപ്പെട്ടു ജീവിക്കുന്നതിനാൽ, അവ നേരിട്ടുകൊണ്ടിരിക്കാം.

തെസ്സലൊനിക്യയിലെ ക്രിസ്ത്യാനികളുടെ ജീവിതത്തിൽ അവർ "അധികം ഉപദ്രവങ്ങൾ," "കൂടുതൽ എതിർപ്പുകൾ," "ഏറെ കഷ്ടതകൾ" എന്നിവ അനുഭവിച്ചു വരികയായിരുന്നു (1 തെസ്സ. 1:6; 2:2, 14). എന്തുകൊണ്ട്? കാരണം, ഇപ്പോൾ ആ പട്ടണത്തിൽ അവർ മറ്റുള്ളവരിൽ നിന്നു വ്യത്യസ്തരാണ്. ഇപ്പോൾ ആ ക്രിസ്ത്യാനികളുടെ വീടുകളിൽ വിഗ്രഹങ്ങളില്ല. അവർ അന്യേദേവന്മാരെ സേവിക്കുന്ന പൂജാരികളുടെ ഉപദേശം അവർ ഇപ്പോൾ കേൾക്കുന്നില്ല. ക്ഷേത്ര യാഗങ്ങളിലോ, അവരുടെ വിശുദ്ധ പ്രദക്ഷിണങ്ങളിലോ പങ്കെടുക്കുന്നില്ല. അവർ വിശ്വാസത്തിലേക്ക് തിരിഞ്ഞതിനാൽ, അവരുടെ അയൽക്കാരും, ബന്ധുക്കൾ പോലും, അവരിൽ നിന്നകലുകയും, യാതൊരു ബന്ധവും ഇല്ലാതെ ജീവിക്കുന്നു, അവർക്ക് ന്യായമായി ലഭിക്കേണ്ട അവകാശങ്ങൾ, നേട്ടങ്ങൾ നിഷേധിക്കുകയാണ്–എന്തിനേറെ, അവരെ ശാരീരികമായി പീഢിപ്പിക്കയും ചെയ്യുന്നു. ഈ പുതിയ ക്രിസ്ത്യാനികളെ സാമൂഹ്യ ഭ്രഷ്ട് കൽപിച്ചു പുറത്താക്കുന്നു, ക്രിസ്ത്യാനികളുടെ സാധാരണ സ്വാതന്ത്ര്യം പോലും നിഷേധിച്ച്–അന്യന്മാരും, പരദേശികളും, അടിമകളും, കുഷ്ഠരോഗികളുമെന്നപോലെ അകറ്റി നിർത്തുന്നു.

ക്രിസ്ത്യാനികളായതിനാൽ ചിലരെ തള്ളിക്കളയുകയും ചെയ്തിരിക്കുന്നു. ദൈവ വഴിയിൽ ജീവിക്കുന്നതിനാൽ, അവരെ പരിഹസിക്കുന്നു. ആരെങ്കിലും ക്രിസ്ത്യാനികളാകുവാൻ ആഗ്രഹിച്ചാൽ, അയാളെ ഇത്തരം ത്യജിക്കൽ നിരാശപ്പെടുത്തും.

ഈ സാഹചര്യത്തില് കഴിയുന്ന ആളുകൾക്ക് ദൈവം എന്തു പ്രോൽസാഹനവും ആശ്വാസവുമാണ് നൽകുന്നത്? 2 തെസ്സലൊനിക്യ ലേഖനം എഴുതി അവരെ സഹായിക്കാം. ഇവിടെ കഷ്ടത അനുഭവിക്കുന്ന ക്രിസ്ത്യാനികൾക്ക് ദൈവം തന്റെ ജ്ഞാനം പങ്കിടുകയാണ്. ദൈവം പ്രവർത്തിക്കുന്ന രീതി നാം മനസിലാക്കുകയാണെങ്കിൽ, പ്രതിസന്ധികളെ നമുക്ക് അതിജീവിക്കുവാൻ കഴിയും.

*ദൈവം നമ്മെ കാണുന്നത് അവന്റെ മക്കൾ ആയിട്ടാണ് (1:1–4).* തന്റെ മക്കൾക്കും ക്രിസ്തീയ സ്വഭാവങ്ങൾക്കും ദൈവം വില കൽപിക്കുന്നു. അയൽക്കാരുടേയും ബന്ധുക്കളുടേയും ആനുകൂല്യം നഷ്ടമായവർക്ക്, ദൈവവും യേശുക്രിസ്തുവും "കൃപയും" "സമാധാനവും" നൽകുന്നു അവരുടെ സ്വർഗീയ പിതാവും രക്ഷകനും അവരുടെ സാഹചര്യം നന്നായി അറിയുന്നവരും, അവരുടെ ക്ഷേമത്തെ കുറിച്ചു കരുതുന്നവരുമാണ്. ആ സ്നേഹവും കരുതലും പ്രകടിപ്പിക്കുന്നതായിരുന്നു അവരുടെ ഉപദേഷ്ടാക്കന്മാരുടെ വന്ദനം.

കുഴപ്പത്തിലായിരിക്കുന്നവർ അവരെ ദൈവം സ്നേഹിക്കുന്നു എന്നു സഹോദരന്മാരെ വന്ദനം ചെയ്യുന്നതിൽകൂടെ ബോധ്യമാക്കുന്നു: "ദൈവം നിങ്ങളെ സ്നേഹിക്കുന്നു. ദൈവം നിങ്ങളെ അനുമോദിക്കുന്നു. നിങ്ങൾക്ക് ഏറ്റവും നല്ലത് വരണമെന്ന് ആഗ്രഹിക്കുന്നു. നിങ്ങളോട് താൽപര്യമുള്ളവരാണ് പിതാവും പുത്രനും." ഇങ്ങനെയാണ് കഷ്ടപ്പെടുന്ന വിശുദ്ധന്മാരെ സ്നേഹിക്കുന്ന സഹോദരീസഹോദരന്മാർ ചെയ്യേണ്ടത്. നമുക്ക് വേണ്ടി, ഈ ചിന്തകൾ നാമും കേൾക്കണം. ദൈവം *നിങ്ങളെ* സ്നേഹിക്കുന്നു!

കുഴപ്പത്തിൽ പെട്ടിരിക്കുന്ന സഹോദരങ്ങൾക്ക് അവരുടെ സ്വഭാവത്തെ

ദൈവം വിലമതിക്കുന്നതായി അറിയണം.ഭൗതിക ജീവിതത്തെക്കാളും, സമ്പത്തിനേക്കാളും വിലമതിക്കുന്നതാണ് വിശ്വസ്തതയും സ്നേഹവും. അഭക്തരിൽനിന്നുണ്ടാകുന്ന എതിർപ്പുകളും, പരിഹാസങ്ങളും നേരിടുവാൻ സ്നേഹത്തിനും വിശ്വസ്തതക്കും കഴിയും. പ്രയാസഘട്ടങ്ങളിലും ദൈവഭക്തിയോടെ ജീവിക്കുവാൻ ഈ സ്വഭാവഗുണങ്ങൾ നമ്മെ സഹായിക്കും.

*നമ്മെ ഉപദ്രവിക്കുന്നവരെ ദൈവം കൈകാര്യം ചെയ്യും (1:5–10).* ഉപദ്രവിക്കപ്പെട്ടവർ, "എന്തുകൊണ്ട് നീതിമാന്മാർ കഷ്ടയനുഭവിക്കയും, നീതികെട്ടവർ കഷ്ടതയനുഭവിക്കാതിരിക്കയും ചെയ്യുന്നു?" എന്നു ചോദിച്ചേക്കാം. അത് ഇയ്യോബിന് ഒരു കടങ്കഥ പോലെയായിരുന്നു (ഇയ്യോ. 21:7–16). സങ്കീർത്തനക്കാരൻ പലപ്പോഴും ദൈവ നീതി മനസിലാക്കുവാൻ ശ്രമിച്ചിരുന്നു (സങ്കീ. 13:1; 22:1–5; 73:16). ഈ കാര്യത്തിൽ ഇന്ന് ക്രിസ്ത്യാനികൾ പ്രതിസന്ധി നേരിടുകയാണ്. അനീതി മറ്റുള്ളവരെ വെറുക്കുവാനും, ദൈവത്തെ തള്ളിക്കളയുവാനും ഇടയാക്കിയേക്കാം! അതുകൊണ്ട്, ഈകാര്യം നാം വളരെ ഗൗരവത്തോടെ ശ്രദ്ധിക്കണം.

ഈ വിഷയത്തെ നാം ദൈവത്തിന്റെ കാഴ്ച്ചപ്പാടിൽ മനസിലാക്കുവാൻ ശ്രമിച്ചാൽ, അദ്ധ്യായം 1 ലെ രണ്ട് സത്യങ്ങൾ നമുക്ക് ഗ്രഹിക്കാം. ഒന്ന്, ഉപദ്രവിക്കുന്നവരെ ദൈവം കൈകാര്യം ചെയ്തു നീതി നടപ്പാക്കും. ദൈവ വഴി സ്വീകരിക്കാത്തവരെ അവൻ ശിക്ഷിക്കും. അതിൽ ദൈവ ജനത്തെ ഉപദ്രവിക്കുന്നവരും ഉൾപ്പെടും.

മാനസാന്തരപ്പെടാത്ത ഉപദ്രവകാരികളിൽ, ദൈവത്തിന്റെ നീതിയുള്ള ന്യായവിധി വരും. അവരെ വേർതിരിക്കുവാനും ശിക്ഷിക്കുവാനും ദൈവത്തിന് ശക്തിയുണ്ട്. അവർ ദൈവത്തെ അനുസരിക്കാതിരിക്കുന്നത് തിരഞ്ഞെടുത്തതിനാൽ, നിത്യത മുഴുവൻ ദൈവത്തിൽനിന്നും അകന്നു ദൈവാനുഗ്രഹങ്ങൾ കൂടാതെ ജീവിക്കുവാനിടയാകും. ഏകരക്ഷകനായ യേശുവിന്റെ രക്ഷയെയും യേശുവിനെയും അവർ തള്ളിക്കളഞ്ഞു. അതുകൊണ്ട്, അവർ ദൈവത്തിന്റെ പാപമോചനത്തിന് പകരം, നിത്യ ശിക്ഷയായിരിക്കും അനുഭവിക്കുക.

രണ്ട്, പീഢിപ്പിക്കപ്പെട്ടവർക്ക് ദൈവം ആശ്വാസം നൽകും. അവരെ ഉപദ്രവിച്ചവർക്ക് ശിക്ഷ ലഭിക്കുന്നത് യാഥാർത്ഥ്യമെന്നപോലെ, ദൈവം തന്റെ മക്കളെ നിത്യമായും അനുഗ്രഹിക്കും. അവനിൽ ആശ്രയം വെച്ചവർക്ക് അവന്റെ ശക്തിയോടു ബന്ധപ്പെടുവാനും–പാപത്തിന്റെ ശിക്ഷയിൽനിന്നുള്ള വിടുതലും–നിത്യമായി ലഭിക്കും! ഇപ്പോൾ മുതൽ നമുക്ക് അവന്റെ ആശ്വാസവും കരുതലും ലഭിക്കും, അതിന് അവസാനം ഉണ്ടാവുകയില്ല! യേശുവിൽ ആശ്രയം വെച്ചവർക്ക് ദുരിതങ്ങൾക്ക് അറുതി ലഭിക്കുന്നത് എത്ര ആശ്വാസകരമാണ്!

*അവന്റെ സേവനത്തിന് ദൈവം നമ്മെ പ്രാപ്തരാക്കും (1:11, 12).* ഉപദ്രവിക്കപ്പെടുന്ന വിശുദ്ധന്മാർക്ക് ദൈവസഹായത്താൽ ജീവിതം നിറവേറ്റുവാൻ കഴിയും. നമ്മുടെ ദൈനന്തിന ജീവിതത്തിൽ നന്മയും വിശ്വസ്തതയും പുലർത്തുവാനും, അവനെ സേവിക്കുവാനും ആവശ്യമായതെല്ലാം ദൈവം തരും. നമുക്ക് ശക്തിയുണ്ട്–ദൈവത്തിന്റെ ശക്തിയാണ്. നാം ഉപദ്രവം നേരിടുമ്പോൾ, അവന്റെ ശക്തി പ്രദർശിപ്പിപ്പാൻ ദൈവം നമ്മെ സഹായിക്കും.

ദൈവത്തെ സേവിക്കുന്നതിനാൽ, നാം രക്ഷിക്കപ്പെട്ടിരിക്കുന്നു എന്നു നിരൂപിക്കരുത്; രക്ഷിക്കപ്പെട്ടതുകൊണ്ടാണ് നാം ദൈവത്തെ സേവിക്കു

ന്നത്. നമ്മുടെ ജീവിതത്തിൽ അവന്റെ പ്രവൃത്തി പ്രതിഫലിപ്പിക്കുവാനായി, അതിന് നമ്മെ പ്രാപ്തരാക്കുവാനായി, അവന്റെ കൃപ നമുക്ക് തരുന്നു. പൗലൊസ് എഫെസ്യരെ ഓർമ്മിപ്പിച്ചു, "കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്; അതിന്നും നിങ്ങൾ കാരണമല്ല; ദൈവ ത്തിന്റെ ദാനമത്രെയാകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല ... നാം അവന്റെ കൈപ്പണിയായി സൽപ്രവൃത്തികൾക്കായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു ..." (എഫെ. 2:8–10). അങ്ങനെ ആയതിനാൽ, "അങ്ങനെ തന്നെ മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ട് സ്വർഗസ്ഥന ായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ" (മത്താ. 5:16).

ഫലം എന്തായിരിക്കും? ആളുകൾ നമ്മിൽ യേശുവിനെ കാണും. യേശു ഭൂമിയിലായിരുന്നപ്പോൾ അവൻ നമുക്ക് കാണിച്ചു തന്നതുപോലെ, ഉപദ്രവ ങ്ങൾ നേരിട്ടിട്ടും ക്രിസ്ത്യാനികൾ ദൈവഭക്തരായി തന്നെ ജീവിക്കുന്നുവ ല്ലോ എന്ന് അവർ കാണും. അത് യേശുവിന് മാനവും മഹത്വവും നൽകും.

*ഉപസംഹാരം.* ക്രിസ്തീയ ജീവിതം മാറ്റമുള്ള ഒന്നാണ്. സാത്താനെ സേവിച്ചിരുന്ന ഒരാൾ അനുസരണത്തിനായി ദൈവത്തിങ്കലേക്ക് തിരിയു മ്പോൾ അവന് ക്ഷമാപണം ലഭിക്കുന്നു. യേശുവിന്റെ മടങ്ങിവരവിലും വലിയ മാറ്റം സംഭവിക്കും. പീഡ ലഭിച്ചവർക്ക് ആശ്വാസവും, ആശ്വാസം ലഭിച്ചിരുന്ന വർക്ക് പീഡയും ലഭിക്കും. ദൈവസന്നിധിയിൽ ഉള്ളവരാണ് വാസ്തവത്തിൽ വിലയുള്ള ജീവിതം നയിച്ചവർ.

കഷ്ടതയേൽക്കുന്ന വിശുദ്ധന്മാർക്ക് ഇത് എത്ര വലിയ ഒരു സന്ദേശ മാണ്! നാം യേശുവിനെ പിൻപറ്റിയതിനാൽ, ആളുകൾ നമ്മോട് മോശമായി പെരുമാറിയാൽ, എത്ര വലിയ ഒരു പ്രതിഫലമായി തീരും എന്നോർക്കുക. നമ്മുടെ പേരുകൾ വലിയ ലിപികളിൽ കൊത്തി വെക്കുന്നനതിലും, വലിയ ആദരവോ, ഡിഗ്രി കരസ്ഥമാക്കുന്നതിലും, മെഡലുകളും ട്രോഫികളും ലഭി ക്കുന്നതിനേക്കാളൊക്കെ വലുതാണ് അത്. പ്രപഞ്ചത്തിന്റെ കർത്താവിന്റെ ആദരവും മഹത്വവുമാണ് നമുക്ക് ലഭിക്കുന്നത്.

നാം ചെയ്യുന്നത് ശരിയായിട്ടും, നാം കഷ്ടതയേൽക്കുന്നുവെങ്കിൽ, ദൈവം നമ്മെ ആശ്വസിപ്പിക്കും. അനീതി നിമിത്തം കഷ്ടത സഹിക്കുന്നവരെ നാം സഹായിക്കുമ്പോൾ, അവന്റെ ആശ്വാസം അവരിൽ പകരുവാൻ കഴിയും. എതിരായ സാഹചര്യത്തിൽ പോലും, ഇപ്പോൾ തന്നെ നമുക്ക് ഉപകാരപ്രദ മായ ജീവിതം നയിക്കുവാൻ കഴിയും. നിത്യതയിൽ നമുക്ക് ആദരണീയമായ ജീവിതം ലഭിക്കുമെന്നും ഓർക്കുക. ടിപി

---

കുറിപ്പുകൾ

[1]എ.ടി.റോബർട്സൺ, *ദ എപ്പിസ്റ്റിൽസ് ഓഫ് പോൾ*, വാല്യം. 4, *വേർഡ് പിക്ചേഴ്സ് ഇൻ ദ ന്യൂ ടെസ്റ്റമെന്റ്* (നാഷ്‌വ്ലേ: ബ്രോഡ്മാൻ പ്രസ്, 1931), 41. [2]സി. എഫ്. ഹോഗ് ആന്റ് ഡബ്ലിയു.ഈ. വൈൻ, *ദ എപ്പപിസ്റ്റിൽസ് ഓഫ് പോൾ ദ അപ്പൊസ്റ്റൽ ടു ദ തെസ്സലൊനിയൻസ്* (ഷ്രെവെപോർട്ട്, ലാ.: ലാംബെർട്ട് പബ്ലിഷിങ് കമ്പനി., 1977), 218. [3]റോബർട്ട് എൽ.തോമസ്, "2 തെസ്സലൊനിയൻസ്," ഇൻ *ദ എക്സ്പോസിറ്റേഴ്സ് ബൈബിൾ കമെന്ററി*, എഡ്. ഫ്രാങ്ക് ഈ. ഗെബെലെയിൻ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.:സോണ്ടർവാൻ, 1978), 11:309. [4]എഫ്.എഫ്. ബ്രൂസ്, *1 & 2 തെസ്സലൊ*

*നിയൻസ്,* വേർഡ് ബിബിളിക്കൽ കമെന്ററി, വാല്യം. 45 (വാക്കോ, ടെക്സ്:വേർഡ് ബുക്സ്, 1982), 149. [5]ഡേവിഡ്. ജെ. വില്യംസ്, *1 ആന്റ് 2 തെസ്സലൊനിയൻസ്,* ന്യു ഇന്റർനാഷ്ണൽ ബൈബിൾ കമെന്ററി, ന്യു ടെസ്റ്റമെന്റ് സീരീസ്, വാല്യം. 12 (പീബഡി, മാസ്.: ഹെന്റിക്സൺ പബ്ലിഷേഴ്സ്, 1992), 113–14. [6]തോമസ്, 312. [7]ഹോഗ് ആന്റ് വൈൻ, 231. [8]റോബർട്സൺ, 44. [9]ജെ.ഈ.ഫ്രെയിം, *ഏ ക്രിട്ടിക്കൽ കമെന്ററി ഓൺ ദ എപ്പിസ്റ്റിൽസ് ഓഫ് സെന്റ്.പോൾ ടു ദ തെസ്സലൊനിയൻസ്*, ദ ഇന്റർ നാഷ്ണൽ ക്രിട്ടിക്കൽ കമെന്ററി (ന്യുയോർക്ക്: ചാൾസ് സ്ക്രിബിനേഴ്സ് സൺസ്, 1912; റീപ്രിന്റ്, എഡിൻബറോ: ടി & ടി. ക്ലാർക് , 1988), 234. [10]മാർവിൻ ആർ.വിൻസെന്റ്, *വേർഡ് സ്റ്റഡീസ് ഇൻ ദ ന്യു ടെസ്റ്റമെന്റ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം.ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1946), 4:61.

[11]വില്യംസ്, 117. [12]റോബർട്സൺ, 46. [13]ജോർജ് മെക്ഡോണൾഡ്. *അൺസ്പോക്കൺ സെർമൺസ്,* സീരീസ് വൺ, “ദ ഹാൻസ് ഓഫ് ദ ഫാദർ” (http://www.johannesen.com/ സെർമൺസ് സീരീസ് 1 .എച്ടിഎം); ഇന്റർനെറ്റ്; ആക്സെസ്ഡ് 22 മേയ് 2008. [14]റൊണാൾഡ് ഏ, വാർഡ്, *1 & 2 തെസ്സലൊനിയൻസ്* (വാക്കോ:ടെക്സ്:വേർഡ് ബുക്സ്, 1973), 147.